ഭാഷാസൗന്ദര്യലഹരീ

സ്തോത്രം.

ഗ്രന്ഥകർത്താ :

ചന്ദ്രമന ശ്രീധരൻ നമ്പൂതിരി

(പുന്നയം)

1971 വില 1-50



Scanned with OKEN Scanner

മുഖവുര.

സാക്ഷാൽ ശ്രീശങ്കരാചാര്യസ്വാമികളാൽ വിരചിതമായ സൌന്ദര്യലഹരീസ്തോത്രം മുമ്പേതന്നെ ഞാൻ വായിച്ചിട്ടുണ്ടെങ്കിലും ആയതു് ഒരു സ്തോത്രകൃതിയെന്നല്ലാതെ അതിന്റെ കവിതാമാഹാത്മ്യങ്ങളെ ഒന്നുംതന്നെ മനസ്സിലാക്കിയിരുന്നില്ല. പിന്നീടു് ഒരിയ്ക്കൽ (1137 മേടത്തിൽ) വ്യാഖ്യാനത്തോടുകൂടിയ ഒരു പുസ്തകം എന്റെ കയ്യിൽ കിട്ടി. ശ്ലോകങ്ങളുടെ ആശയങ്ങളെ ധരിച്ചുകൊണ്ടു് ഒരു പ്രാവശ്യം വായിച്ചു. ആയതിൽ 72-ാം ശ്ലോകം (സമം ദേവി എന്നു തുടങ്ങുന്നതു്) അതിന്റെ ആശയപുഷ്ടികൊണ്ടും സാരസ്യംകൊണ്ടും എന്നെ ഹഠാൽ ആകർഷിച്ചു. അതിനെത്തുടർന്നു സ്തോത്രശ്ലോകങ്ങൾ മുഴുവൻ പഠിയ്ക്കണമെന്നുതോന്നി. പഠിച്ചു. പിന്നീടു് ഒരു രസത്തിനുവേണ്ടി ചില ശ്ലോകങ്ങൾ ഭാഷപ്പെടുത്തിനോക്കി. ആദ്യം 72-ാം ശ്ലോകം തന്നെയാണു് ഭാഷപ്പെടുത്തിയതു്. ഭാഷപ്പെടുത്തിയ ചില ശ്ലോകങ്ങൾ സഹൃദയന്മാരിൽ ചിലരെ ചൊല്ലിക്കേൾപ്പിച്ചു. അവർ നല്ല അഭിപ്രായം പറയുകയും മുഴുവൻ ഭാഷപ്പെടുത്തുവാൻ ഉപദേശിയ്ക്കുകയും ചെയ്തു. പിന്നീടാണു് ഞാൻ ആദ്യശ്ലോകം മുതൽ മുഴുവൻ തുടർച്ചയായി തർജ്ജിമ ചെയ്തതു്. ചില ശ്ലോകങ്ങൾ എന്നെ വളരെ വിഷമിപ്പിച്ചിട്ടുണ്ടെങ്കിലും ഒട്ടുമിക്കവയും എന്റെ മനസ്സിൽ വിചാരിച്ചപോലെ തർജ്ജിമ ചെയ്യുവാൻ സാധിച്ചിട്ടുണ്ടു്. മൂലശ്ലോക

ത്തിലെ ആശയം പൂർത്തീകരിക്കുന്നതിനുവേണ്ടി ചില
സ്ഥലങ്ങളിൽ സംസ്കൃതപദങ്ങൾ തിക്കിച്ചേർത്തിട്ടുണ്ട്.
എന്നൊരു കുറവു ഇതിലുണ്ട് എന്ന് എനിക്കുതന്നെ
ബോദ്ധ്യമാണ്. 1138 തുലാമാസത്തിൽ പരിഭാഷ
പൂർത്തിയായി. ആയിടയ്ക്കുതന്നെ എന്റെ ഈ കവിത
പ്രസിദ്ധ വൈദ്യനും പണ്ഡിതനും മഹാകവിയും
അംബികാഷ്ടപ്രാസം മുതലായ കൃതികളുടെ കർത്താവും
ആയ ബ്രഹ്മശ്രീ കുറിച്ചിത്താനത്തു മഠം ശ്രീധരൻ നമ്പൂ
തിരിയെ വായിച്ചു കേൾപ്പിച്ചു. മൂലശ്ലോകങ്ങളിലെ
ആശയം വിട്ടുകളയാതെ ഭാഷാശ്ലോകങ്ങൾ ശരിപ്പെടു
ത്തിയിട്ടുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു.
ഞാൻ സൗന്ദര്യലഹരീസ്തോത്രം ഭാഷപ്പെടുത്തിയ
പ്പോൾ ആരും ഈ കൃതി ഇതിനുമുമ്പ് തർജ്ജിമ ചെയ്തി
ട്ടുള്ളതായി അറിഞ്ഞിരുന്നില്ല. പിന്നീടാണ് മഹാ
കവി കുമാരനാശാനും മററുചിലരും തർജ്ജിമ ചെയ്തിട്ടു
ള്ളതായി അറിഞ്ഞത്. അതിനാൽ എന്റെ കവിതാ
ശ്ലോകങ്ങൾ അങ്ങിനെതന്നെ ബുക്കിൽ സ്ഥലംപിടിച്ചു
കിടന്നു. കുറെനാൾ കഴിഞ്ഞതിനുശേഷം, എന്റെ
സഹപാഠിയും ഉത്തമസുഹൃത്തും സഹൃദയനും ആയ
ബ്രഹ്മശ്രീ കോന്നശ്ശേരി നീലകണ്ഠൻ നമ്പൂതിരി ടി
കൃതി സശ്രദ്ധം വായിക്കുകയും ചില ഭേദഗതികൾ
ചെയ്യണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അതിൻ
പ്രകാരം ചില ഭേദഗതികൾ വരുത്തുകയും പിന്നീട്
വ്യാകരണ ശാസ്ത്രവിശാരദനായ ബ്രഹ്മശ്രീ മങ്കൊമ്പിൽ
കളങ്ങര ഇല്ലത്തു കേശവൻനമ്പൂതിരിയെക്കൊണ്ട് ഒന്നു
പരിശോധിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെയും

Scanned with OKEN Scanner

ഉപദേശാനുസരണം വേറെയും ചില മാററങ്ങൾ വരുത്തി എന്നാലാകുന്നതുപോലെ വൃത്തിയാക്കിവെച്ചു. എന്റെ പരിശ്രമം മററുള്ളവർ അറിയണമല്ലോ. ആയതിനു പുസ്തകം പ്രസിദ്ധപ്പെടുത്തണം, എന്നു എനിയ്ക്കുതന്നെ തോന്നുകയാലാണ് ഇപ്പോൾ ഞാൻ ഈ സാഹസത്തിനു ഉദ്യുക്തനായതു്. സഹൃദയാഗ്രേസരന്മാർ എന്നെയോ ഈ കൃതിയെയോ നിന്ദിച്ചില്ലെങ്കിൽ ഞാൻ കൃതാർത്ഥനായി. വിശേഷിച്ച് ഈ പുസ്തകത്തിനു അഭിപ്രായം എഴുതിത്തന്ന മഠം ശ്രീധരൻ നമ്പൂതിരിയ്ക്കും, കെ. പി. നാരായണപ്പിഷാരടിയ്ക്കും ചുരുങ്ങിയ തരത്തിലും വൃത്തിയായും അവതാരിക എഴുതിത്തന്ന എന്റെ ഉത്തമ സുഹൃത്തു് പി. എസ്. വാര്യർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

എന്ന്

ഗ്രന്ഥകർത്താവ് (ഒപ്പ്)

അഭിപ്രായം

ചന്ദ്രമന ശ്രീധരൻ നമ്പൂതിരിയുടെ ഭാഷാസൗന്ദര്യലഹരി വായിച്ചു. മൂലത്തിന്റെ രചനാസൗന്ദര്യം തർജ്ജിമയിൽ ധാരാളം അനുഭവപ്പെട്ടു. സൗന്ദര്യ ലഹരിയുടെ തർജ്ജിമകൾ ഒന്നുരണ്ടെണ്ണം ഇതിനുമുമ്പും കണ്ടിട്ടുണ്ടു്. അതുകളെ അപേക്ഷിച്ചു് ഈ ഭാഷാനുവാദം കൂടുതൽ നന്നായിട്ടാണു് എനിക്കു് തോന്നിയതു്. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ കവിതകളും എനിയ്ക്കു് വളരെ മുമ്പുതന്നെ പരിചയമുള്ളതാണു്. പരിഭാഷയ്ക്കും പരിഭാഷകനും സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

കരിച്ചിത്താനം

എന്നു്

12-10-44. മഠം ശ്രീധരൻ നമ്പൂതിരി (ഒപ്പു്)

* * * * * * * * * * * * * *

ആശംസ.

ശ്രീശങ്കരാചാര്യസ്വാമികളുടെ സൗന്ദര്യലഹരീസ്തോത്രം ദേവീഭക്തന്മാർക്ക് അമൃതാണ്. അതിലെ ശബ്ദരചനയും അർത്ഥഘടനയും സ്വരൂപധ്യാനങ്ങളുമെല്ലാം അത്യന്തമധുരങ്ങളാണ്. ഒരിയ്ക്കൽ കേട്ടാൽ മനസ്സിൽ പതിയും. ഒരുവട്ടം അനുസന്ധാനംചെയ്താൽ ബുദ്ധിയിൽ ചിത്രീകൃതമാവും. ഒരു പ്രാവശ്യം ഭാവന ചെയ്താൽ ഹൃദയത്തിൽ തെളിഞ്ഞുവിളങ്ങും. ഓരോ പദ്യങ്ങളുടേയും വശീകരണശക്തി അന്യാദൃശമെന്നേ പറഞ്ഞുകൂടൂ.

ശ്രവണം കീർത്തനം സ്മരണം പാദസേവനം തുടങ്ങി പലവിധത്തിലുണ്ട് ദേവീഭജനം. സ്തോത്രനിർമ്മാണത്തെപ്പോലെ തന്നെ ഉൽകൃഷ്ടമായ ഒരു ഭജനപ്രകാരമാണ് സ്തോത്രവിവർത്തനവും. മഹാകവികളുടെ കമനീയ കൃതികളെ ഒന്നുടച്ചുവാർക്കുക എന്നത് വാസനാശാലികൾക്ക് ഏററവും ആഹ്ലാദപ്രദമായ ഒരു വിനോദമത്രേ. ഉത്തമകൃതികൾക്ക് വീണ്ടും വീണ്ടും വിവർത്തനങ്ങൾ ഉണ്ടാവാനുള്ള കാരണം അതാണ്. സൗന്ദര്യലഹരിയ്ക്ക് നമ്മുടെ ഭാഷയിൽ കുമാരനാശാൻ മുതൽ പലരും നല്ല നല്ല വിവർത്തനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ഇപ്പോഴും ഇതാ ഒരു പുതിയ വിവർത്തനം ആവിർഭവിച്ചിരിക്കുന്നു. കവനകലയിൽ മാത്രമല്ല നൃത്തം അഭിനയം ശില്പം മുതലായ കോമളകലകളിലും ജന്മസിദ്ധമായ വാസനയും നിരന്തരമായ പരിശ്രമവും ഉള്ള എന്റെ സുഹൃത്ത് ശ്രീ ചന്ദ്രമന ശ്രീധരൻ നമ്പൂതിരി അവർകളാണ് വിവർത്തകൻ. ശബ്ദത്തിലും അർത്ഥത്തിലും ഭാവത്തിലും ഒരുപോലെ നിഷ്കർഷയുള്ള ആളാണ് അദ്ദേഹം. അത് ഈ വിവർത്തനത്തിൽ ആപാദചൂഡം തെളിഞ്ഞുകാണുന്നുമുണ്ട്. കലാരൂപിണിയായ ജഗദംബികയുടെ അനുഗ്രഹം ഇത്തരം പുണ്യകർമ്മങ്ങൾ തുടർന്നു നിർവ്വഹിക്കുവാൻ വിവർത്തകനിൽ മേൽ പൊഴിയണമേ എന്നു ഞാൻ ആഹ്ലാദത്തോടെ ആശംസിച്ചുകൊള്ളുന്നു.

തൃശ്ശൂർ,
3-6-'69.

സഹൃദയവിധേയൻ
കെ. പി. നാരായണപ്പിഷാരടി (ഒപ്പ്)
മലയാളം ലക്ചർ
ശ്രീ. കേരളവർമ്മ കോളേജ്
തൃശ്ശൂർ.

അവതാരിക.

അത്യുൽകൃഷ്ടങ്ങളായ നമ്മുടെ സ്തോത്രകാവ്യങ്ങളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന ഒന്നത്രേ ശ്രീസൗന്ദര്യലഹരി. ഭക്തിയും വിഭക്തിയും കാവ്യകലാഭംഗിയും ഒത്തുചേർന്ന ഈ പുണ്യതീർത്ഥപ്രയാഗയിൽ ആവോളം ആറാടി ആത്മനിർവൃതി കൈവരിയ്ക്കാൻ കൊതിയ്ക്കാത്ത സഹൃദയർ ചുരുങ്ങും. ദിവ്യമന്ത്രങ്ങളും നിഗൂഢതത്വങ്ങളും നിറഞ്ഞ ഈ സ്തോത്രരത്നം ഉപാസിയ്ക്കുന്നവരും നിത്യപാരായണം ചെയ്യുന്നവരും ഇന്നും ധാരാളമുണ്ട്.

സ്തോത്രകാവ്യപ്രപഞ്ചത്തിലെ മഹാത്ഭുതം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന സൗന്ദര്യലഹരിയുടെ കാവ്യസൗന്ദര്യത്തിൽ ആമഗ്നമായ ഒരു കവിഹൃദയത്തിന്റെ പുളകോൽഗമമാണ് ഈ കൊച്ചുകൃതിയിലെ ഉള്ളടക്കം. ഏതൊരുൽകൃഷ്ടകാവ്യവും സഹൃദയനായ അനുവാചകനെ ആനന്ദാനുഭൂതിയുടെ അഭൗമമണ്ഡലങ്ങളിലേയ്ക്കുയർത്തി ആത്മവിസ്മൃതിയിലാഴ്ത്തുക സാധാരണമാണല്ലോ. മൂലകൃതിയോടുള്ള അഭിനിവേശവും ആദരാതിശയവും അദമ്യകോടിയിലെത്തിയപ്പോൾ തനിയ്ക്കു മുന്നിൽ അനാവരണം ചെയ്തുകിട്ടിയ മായാലോകം ഒന്നാകെ നോക്കിക്കാണാൻ ശ്രമിച്ച കവിയും സഹൃദയനുമായ അനുവാചകൻ. മാതൃഭാഷ മലയാളമായതുകൊണ്ട്

ആ നോക്കിക്കാണലും മലയാളത്തിലായി. ഇതാണു് ഈ വിവർത്തനത്തിന്റെ ആവിർഭാവത്തിനു നിദാനം.

ഉൽകൃഷ്ടമായ കാവ്യം എന്നതിനു പുറമേ മന്ത്രതന്ത്രപരമായും പ്രാധാന്യമർഹിയ്ക്കുന്ന സൗന്ദര്യലഹരീസ്തോത്രത്തിനു് കനപ്പെട്ട വ്യാഖ്യാനങ്ങളും പഠനങ്ങളും മലയാളത്തിൽ ഇനിയും ഉണ്ടാകേണ്ടതായിട്ടാണു് ഇരിക്കുന്നതു്. മൺമറഞ്ഞ മലയാള കവികളിൽപ്പലരും തികഞ്ഞ സൗന്ദര്യലഹര്യുപാസകന്മാരായിരുന്നു. ഒറവങ്കര രാജന്റെ കൃതികളിൽ പ്രത്യേകിച്ചും ദേവീസ്തവങ്ങളിൽ സൗന്ദര്യലഹരീപദ്യങ്ങളുടെ അനുരണനം ഉടനീളം നമുക്കു കേൾക്കാം. പക്ഷേ കുമാരനാശാന്റെ ഉൾപ്പെടെ ഒന്നോ രണ്ടോ വിവർത്തനമേ ഈ കൃതിയ്ക്കു മലയാളത്തിൽ ഉണ്ടായിട്ടുള്ളൂ എന്ന സത്യം അവശേഷിക്കുന്നു. മലയാളത്തിന്റെ ഇക്കുറവു് പരിഹരിക്കാൻ ബോധപൂർവ്വകമായ ഒരു ഉദ്യമത്തിന്റെ പരിണത ഫലമാണു് ഈ വിവർത്തനം എന്നാരും ധരിയ്ക്കരുതു്. മൂലകൃതി പകർന്നുകൊടുത്ത ദിവ്യാനുഭൂതിയുടെ സ്വാധീനം മാത്രമാണു് ഈ വിവർത്തനത്തിനു പ്രേരകം എന്നു മറന്നുകൂടാ.

ഉത്തമമായ ഏതുകൃതിയും തർജ്ജിമയ്ക്കത്ര വഴങ്ങില്ലല്ലോ. സങ്കേതനിബിഡംകൂടിയാണു് ആ കൃതിയെങ്കിൽ പിന്നത്തെക്കഥ പറയാനുമില്ല. ബഹുമുഖമായ പാണ്ഡിത്യവും നല്ല കവിതാശക്തിയും തികഞ്ഞ വിവർത്തനപരിചയവും ഉള്ളവർക്കുകൂടി സൗന്ദര്യലഹരി ഒരു ബാലികേറാമലയായിത്തീരാൻ കാരണം ഇതാണെന്നു

തോന്നുന്നു. സാഹസികമായ ഈ സദുദ്യമത്തിന്നു ചങ്കുററം കാണിച്ച മാന്യസുഹൃത്തിനെ ആദ്യമായി ഞാൻ അഭിനന്ദിയ്ക്കട്ടെ.

മറെറതിനേക്കാളുമുപരിയായി മൂലകൃതിയിലെ കാവ്യസൌന്ദര്യം സംസ്കൃതാനഭിജ്ഞരായ മലയാളികൾക്ക് ഒട്ടെങ്കിലും വ്യക്തമാക്കിക്കൊടുക്കണം എന്നേ വിവർത്തകന്നു ഉദ്ദേശമുള്ളു. സാങ്കേതികതയ്ക്കു മുൻതൂക്കം കൂടുതലുള്ള പദ്യങ്ങളുടേയും കേവലകാവ്യസൌന്ദര്യം മുററിനില്ക്കുന്ന പദ്യങ്ങളുടേയും പ്രസാദവ്യത്യാസത്തിന്നു ഇതു തന്നെയാവണം കാരണം.

“ശിവശ്ശക്തിഃ കാമഃ ....”എന്ന പദ്യം

“ചിൽക്കാമ്പേ! യശ്ശിവൻ.........”എന്നു വിവർത്തനം ചെയ്ത കവിതയെയാണു്

“കവീനാം സന്ദർഭസ്തബക.........”എന്ന പദ്യം

“യുക്തിപ്പൂന്തൊത്തിൽനിന്നും......” ഇങ്ങനെ മലയാളമാക്കിയതു്.

മറെറതെങ്കിലും ഒരു കൃതിയുടെ തർജ്ജിമയാണെന്നുപോലും തോന്നിയ്ക്കാത്ത പല പദ്യങ്ങളുമുണ്ടു് ഈ പുസ്തകത്തിൽ

“മിന്നും ഗണ്ഡത്തിൽ നന്നായ്............”

“പാരിൻനാഥേ! മുലപ്പാലയിതവ............”

ഇവ ദൃഷ്ടാന്തമായെടുക്കാം ഇത്രയും പറഞ്ഞതിൽനിന്നു് അത്യന്തരമണീയമോ തീരെക്കുറമററതോ ആണു് ഈ വിവർത്തനമെന്നു ധരിയ്ക്കരുതു്. അങ്ങിനെ കാണുന്ന അല്പസ്വല്പ പാകപ്പിഴകൾ ആർക്കും വരാവുന്ന

വയാണ്. ശ്രദ്ധിച്ചാൽ വിവൎത്തകനു തന്നെ ഒഴിവാക്കാവുന്നവയും.

വിവൎത്തകനെപ്പററിയും രണ്ടു വാക്ക്. സംസ്കൃതസാഹിത്യത്തിന്റെ വിവിധ ശാഖകളിൽ ചെറുപ്പത്തിലേ തന്നെ പാണ്ഡിത്യം നേടാൻ സാധിച്ച എന്റെ സ്നേഹിതൻ ശ്രീ ചന്ദ്രമന ശ്രീധരൻനമ്പൂതിരി മലയാള സാഹിത്യവുമായി പരിചയപ്പെട്ടതു് തന്നെ കവിതാരചനയിലൂടെയാണ്. കവിത്രയത്തിന്റെ സ്വാധീനം മുററിനിന്ന കാലത്തു് അതേവഴിക്കു മുന്നേറാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടതും പരിശ്രമിച്ചതും. ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങൾ തന്നെയും ചിലതെഴുതിത്തീർത്തു അക്കാലത്തു തന്നെ. കഥകളി രംഗത്തേയ്ക്കു കടന്നുവന്നതോടെ ആട്ടക്കഥാസാഹിത്യവുമായി പരിചയിക്കാൻ അദ്ദേഹത്തിനു ഇടയായി. കുമാരസംഭവം താരകാസുരവധം, ശാകുന്തളം, എന്നു് മൂന്നു ആട്ടക്കഥകൾ ശ്രീ ശ്രീധരൻനമ്പൂതിരി ഇതിനിടയ്ക്കു രചിച്ചിട്ടുണ്ട്. ആടിക്കാണാനും പാടിക്കേൾക്കാനും വായിച്ചു രസിക്കാനും കൊള്ളാവുന്നവയാണ് ഈ കൃതികളെന്നതിനു അതാതു കഥകൾ അരങ്ങേറിയ അവസരങ്ങളിൽ സഹൃദയരിൽനിന്നു സിദ്ധിച്ച പ്രശംസതന്നെ തെളിവാണ്. മലയാള കവിത ആധുനികമോ അത്യാധുനികമോ അത്യന്താധുനികമോ ആയിത്തീർന്നിട്ടുള്ള ഇക്കാലത്തും ചെറുപ്പത്തിലേ താൻ പരിചയിച്ചുപോന്ന അതേ കാവ്യശൈലിയിൽ ഉറച്ചുനില്ക്കാനാണദ്ദേഹം ഇഷ്ടപ്പെടുന്നതു്.

കുററങ്ങളും കുറവുകളും ഈ വിവർത്തനത്തിൽ
എത്രതന്നെ ചൂണ്ടിക്കാണിയ്ക്കപ്പെട്ടാലും മഹത്തായ ഒരു
സദുദ്യമത്തിൽ സ്വായത്തമായ കഴിവുകൾ ആത്മാർത്ഥ
മായി സമർപ്പിച്ചു എന്നു വിവർത്തകനു തികച്ചും സമാ
ധാനിക്കാം. ശ്രദ്ധേയമായ ഈ വിവർത്തനം സജ്ജന
സമക്ഷം അവതരിപ്പിയ്ക്കുന്നതിനോടൊപ്പം ഉൽകൃഷ്ട
മായ ഈ സ്തോത്രകാവ്യത്തിന്റെ അന്തർമ്മണ്ഡലങ്ങളി
ലേക്ക് തീർത്ഥയാത്ര നടത്താൻ ഭാഗ്യം സിദ്ധിച്ച ഉത്തമ
സുഹൃത്തിനെ അകമഴിഞ്ഞ് അനുമോദിയ്ക്കുകയും ചെയ്തു
കൊള്ളുന്നു.

പി. എസ്. വാരിയർ

ഉദ്യോഗമണ്ഡൽ
26-9-70.

ഒപ്പ്.

ഭവാനിപ്പോൾ ഭക്തിത്തെളിമയൊടു സൗന്ദര്യലഹരീ-
സ്തവാഗ്ര്യത്തിൻ ഭാഷാഭരണമനുവാദം രചിതവാൻ
അവാപ്തം സൽഗ്രന്ഥം സൃജനതതിയാൽ, കേരളധരാ-
പ്രവാളപ്രൗഢശ്രീ ഭണിതിവിജയിപ്പൂ പരമിതിൽ.

മേപ്രാൽ
14-11-70.

ഈശ്വരൻനമ്പൂതിരി
കിഴക്കേ ശീരവെള്ളിഇല്ലം.

ഭാഷാസൗന്ദര്യലഹരീസ്തോത്രം.

(പൂർവ്വഭാഗം)

മൂലം

(I)

ശിവശ്ശക്ത്യായുക്തോയദിഭവതിശക്തഃ പ്രഭവിതും
ന ചേദേവം ദേവോ നഖലുകുശലസ്പന്ദിതുമപി
അതസ്ത്വാമാരാദ്ധ്യാം ഹരിഹരവിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി

തീർത്താതാംശക്തിയൊത്തുള്ളൊരുനില,ശിവനേ
കുന്നു സർവ്വപ്രഭുത്വം
ശക്ത്യാ വേർപെട്ടുനിന്നാൽ ശിവനണുവുമന
ങ്ങീടുവാൻ ശക്തനല്ല
നിത്യം തന്മൂലമീശാച്യുത കമലഭവാ
ദ്യാർച്ച്യയാം നിന്നെ നന്നായ്
വാഴ്ത്താനോ കുമ്പിടാനോ ജഗതിയകൃതപു
ണ്യന്നു സാധിപ്പതാണോ?

Scanned with OKEN Scanner

മൂലം

(2)

തനീയാംസം പാംസും തവ ചരണപങ്കേരുഹഭവം
വിരിഞ്ചിസ്സഞ്ചിന്വൻ വിരചയതിലോകാനവികലം
വഹത്യേനം ശൗരിഃകഥമപി സഹസ്രേണശിരസാം
ഹരസ്സംക്ഷുദ്യൈനം ഭജതിഭസിതോദ്ധൂളനവിധിം.

നിമ്പാദാബ്ജോത്ഥധൂളീശകലമവനിട്ടൽ
കന്യകേ! സംഭരിച്ചി-
ട്ടൻപോടംഭോജവാസൻസകലഭുവനവും
സൃഷ്ടി ചെയ്യുന്നു നിത്യം
വമ്പോടാൻദ്ദ്രഹിയ്ക്കുന്നിതുഹരി,യതുതൻ
ശീർഷസാഹസ്രകത്താൽ
വമ്പാളുംരുദ്രദേവൻ നലമൊടതുപൊടി
ച്ചിട്ടു ഭസ്മം തൊടുന്നു.

മൂലം

(3)

അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ
ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതഝരീ
ദരിദ്രാണാം ചിന്താമണിഗുണനികാജന്മജലധൗ
നിമഗ്നാനാം ദംഷ്ട്രാമുരരിപുവരാഹസ്യഭവതി.

ചേതഃധ്വാന്താംശുമദ്ദീപകനഗരിയതായ്
വിദ്യ വിട്ടോർക്കജസ്രം
ചൈതന്യപ്പൂങ്കുലത്തേനൊഴുകിനനദിയായ്
ജാഡ്യമാർന്നുള്ളവർക്കും
വീതദ്രവ്യർക്കു ചിന്താമണിഗുണനികയായ്
ജന്മസിന്ധുപ്രമഗ്ന-
ർക്കാദൈതേയാരിപോത്രിപ്രവരഖരമഹാ
ദംഷ്ട്രയായും ഭവിപ്പൂ.

Scanned with OKEN Scanner

(4)

മൂലം

ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണ-
സ്ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ
ഭയാത് ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ! ലോകാനാം തവ ഹി ചരണാവേവ നിപുണൗ

അന്യന്മാരായ വാനോർപ്പരിഷകൾ വരദാ
ഭീതിഹസ്തങ്ങളാലേന്നോ-
രെന്നും; നീ മാത്രമമ്മേ! പ്രകടിതവരദാ
ഭീതിയായ്ത്തീർന്നതില്ല
കന്നിച്ചീടുന്ന വാഞ്ഛാധികഫലമരുളാ
നം ഭയം പോക്കുവാനും
കന്നിൻമാതേ! ജഗൽക്കാരിണി! തവ ചരണം
തന്നെ മന്നിൽ സമർത്ഥം.

(5)

മൂലം

ഹരിസ്ത്വാമാരാധ്യ പ്രണതജനസൗഭാഗ്യജനനീം
പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്
സ്മരോഽപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ
മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം

ഭക്തന്മാർക്കിഷ്ടമേകും തവ പദകമലം
പണ്ടു സേവിച്ചു യോഷാ-
മൂർത്തായ്ത്തീർന്നിട്ടു നാരായണനതുലബലൻ
ശൂലിയേയും കലക്കി
പൊൽത്താരമ്പാകുവോനും രതിനയനസമാ
ലേഹ്യമാകും വപുസ്സാൽ
ചെത്തീടുന്നൽഭ്രമം മാമുനികളിലുമഹോ!
നിൻനമസ്സൊന്നിനാലെ

മൂലം

(6)

ധനുഃ പൗഷ്പം മൗർവ്വീമധുകരമയീപഞ്ചവിശിഖാഃ
വസന്തസ്സാമന്തോമലയമരുദായോധനരഥഃ
തഥാപ്യേകസ്സർവ്വം ഹിമഗിരിസുതേ! കാമപി കൃപാ-
മപാംഗാത്തേലബ്ധ്വാജഗദിദമനംഗോ വിജയതേ

അപ്പൂവാം വില്ല്; ഞാണോമധുകരമയ; മ
ഞ്ചേശരം; മന്ത്രിയുണ്ടേ
നില്ലാനോജസ്സെഴാത്തുള്ളൊരുമധു; രഥമ
മ്മട്ട മാലേയവാതം;
അപ്പാടാണെങ്കിലും പാരിതുമുഴുവ,നനം
ഗൻ പരാപേക്ഷയെന്ന്യേ
ചൊല്ലേറും തൽക്കടാക്ഷാൽഗളിതലവകൃപാ
ലബ്ധിയാൽ താൻ ജയിപ്പൂ

മൂലം

(7)

കണൽക്കാഞ്ചീദാമാകരികളഭകുംഭസ്തനനതാ
പരിക്ഷീണാമധ്യേ പരിണതശരൽച്ചന്ദ്രവദനാ
ധനുർബ്ബാണാൻ പാശം സൃണിമപിദധാനാകരതലൈഃ
പുരസ്താദാസ്താം നഃപുരമഥിതുരാഹോ പുരുഷികാ

ചേണഞ്ചീടും കണൽക്കാഞ്ചികയൊടുമിഭകും
ഭസ്തനാനമ്രയായും
ക്ഷീണം വർദ്ധിച്ച മദ്ധ്യത്തൊടുമമലശരൽ
പൂർണ്ണചന്ദ്രാസ്യയായും
ബാണം വിൽത്തോട്ടി പിന്നെക്കയറിവകരപ
ത്മങ്ങളാലേ മനോജ്ഞം
പൂണും ശ്രീ "ശങ്കരാഹോപുരുഷിക" വിലസീ
ടട്ടെ ഞങ്ങൾക്ക് മുമ്പിൽ

മൂലം (8)

സുധാസിന്ധോർമ്മദ്ധ്യേസുരവിടപിവാടീപരിവൃതേ
മണിദ്വീപേനീപോപവനവതിചിന്താമണിഗൃഹേ
ശിവാകാരേമഞ്ചേപരമശിവ പര്യങ്കനിലയേ
ഭജന്തിത്വാം ധന്യാഃകതിചനചിദാനന്ദലഹരീം

പീയൂഷാംഭോധിതന്നിൽസുരതരുവരനീ
　　പാവൃതാരാമദേശോൽ-
സ്ഫായത്താകം മണിദ്വീപകമതിലുരുചി
　　ന്താമണീമന്ദിരത്തിൽ
ശ്രീയാളും ശൈവമഞ്ചേപരമശിവമഹാ
　　ഖട്വയിന്മേൽ വസിയ്ക്കും
തായേ! നിൻസേവചെയ്യും ചിലരതിസുകൃതാ
　　ഢ്യർ ചിന്മോദസത്തേ!

മൂലം (9)

മഹീം മൂലാധാരേകമപിമണിപൂരേഹുതവഹം
സ്ഥിതം സ്വാധിഷ്ഠാനേഹൃദിമരുതമാകാശമുപരി
മനോപിഭ്രൂമദ്ധ്യേ സകലമപിഭിത്വാകുലപഥം
സഹസ്രാരേപത്മേസഹരഹസിപത്യാവിഹരസേ

ആധാരേമൂലസംജ്ഞേധരണി, സലിലത
　　ത്വം മണീപൂരകത്തിൽ;
സ്വാധിഷ്ഠാനത്തിലഗ്നി, ശ്വസനമതുഹൃദി;
　　ദ്യോവതിൻ മീതെയല്ലോ;
ഭ്രൂതൻ മദ്ധ്യേ മനസ്സി;ങ്ങനെകുലപഥമെല്ലാം
　　പിളർന്നിട്ടുതായേ!
നീതാൻ ക്രീഡിപ്പൂ ഗൂഢംപതിയൊടുമൊരുമി
　　ച്ചു സ്സഹസ്രാരപത്മേ

മൂലം

(10)

സുധാധാരാസാരൈശ്ചരണയുഗളാന്തർവ്വിഗളിതൈഃ
പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസാ
അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണി

തോയത്താരൊത്തപാദോൽഗളദമൃതരസാ
സാരവർഷാൽ നനെച്ചെൻ
മായാരൂപേ! പ്രപഞ്ചത്തിനെയുമഥ രസാ
മ്നായതേജസ്സിൽനിന്നും
നീയെത്തിച്ചേർന്നു തൻഭൂമിയിലുരഗനിഭാ
ത്മാവിനെമൂന്നരച്ചു-
ററായിക്കെട്ടിബ്ബിലംചേർന്നെഴമൊരുകുളക
ണ്ഡാന്തരത്തിൽ സ്വപിപ്പൂ

മൂലം

(11)

ചതുർഭിഃശ്രീകണ്ഠൈഃശിവയുവതിഭിഃപഞ്ചഭിരപി
പ്രഭിന്നാഭിഃശംഭോർന്നവഭിരപിമൂലപ്രകൃതിഭിഃ
ചതുശ്ചത്വാരിംശദ്വസുദളകലാശ്രത്രിവലയ-
ത്രിരേഖാഭിസ്സാർദ്ധം തവശരണകോണാഃ പരിണതാഃ

ശ്രീകണ്ഠൻതൻചതുഷ്കംശിവയുവതികൾതൻ
പഞ്ചകം ശംഭുഭിന്നം
ലോകാത്തിക്ഷ്ത്രി! മൂലപ്രകൃതികളിവിധം
തീർന്നിട്ടൊന്നൊമ്പതായി
ആകെച്ചേർന്നാലിതെല്ലാംവസുകദളകലാ
ശ്രത്രിവൃത്തത്രിരേഖാ-
യോഗാൽ നാല്പത്തിനാലായ്മഹിതശരണകോ
ണങ്ങളം സംജാതമാംതേ

മൂലം (12)

ത്വദീയം സൗന്ദര്യം തുഹിനഗിരികന്യേ! തുലയിതും
കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ
യദാലോകൗത്സുക്യാദമരലലനാ യാന്തി മനസാ
തപോഭിർദ്ദുഷ്പ്രാപാമപി ഗിരിശസായൂജ്യപദവീം

സൗന്ദര്യം തൂക്കിനോക്കുന്നതിന്നു തവ നഗാ
    ധീശജേ! മോഹമാർന്നി-
ട്ടെന്നും കഷ്ടപ്പെടുന്നു സരസിരുഹഭവൻ
    മുമ്പരാകും കവീന്ദ്രർ
നിന്നല്ലാകാരമീക്ഷിപ്പതിന്നതികുതുകാൽ
    സ്വർഗ്ഗനാരീസമൂഹം
നന്നായ് ധ്യാനിപ്പൂ കിട്ടാൻ പണിപരമിയലും
    ശൈവസായൂജ്യമാർഗ്ഗം

മൂലം (13)

നരം വർഷീയാംസം നയനവിരസം നർമ്മസു ജഡം
തവാപാംഗാലോകേ പതിതമനുധാവന്തി ശതശഃ
ഗളദ്വേണീബന്ധാഃ കുചകലശവിസ്രസ്തസിചയാഃ
ഹഠാത് ത്രുട്യൽകാഞ്ച്യോ വിഗളിതദുകൂലാ യുവതയഃ

സ്പഷ്ടം വൃദ്ധതയാർന്നാനയനവിരസനായ്
    നർമ്മസാരസ്യഭാവം
തട്ടാത്തോനും ത്വദാലോകനപതിതനതാ
    ണെങ്കിലായാൾക്കുപിമ്പേ
ത്രുട്യത്താം കാഞ്ചിയോടും ഗളിതകുചനിചോ
    ളത്തൊടും കേശബന്ധം
വിട്ടും പൂഞ്ചേലയൂർന്നും നിരവധി യുവതീ
    പാളി പാഞ്ഞെത്തിടുന്നു.

മൂലം

(14)

ക്ഷിതൗഷട്പ്പഞ്ചാശദ്വിസമധികപഞ്ചാശദുദകേ
ഹുതാശേ ദ്വാഷഷ്ടിശ്ചതുരധികപഞ്ചാശദനിലേ
ദിവിദ്വിഃഷട്ത്രിംശന്മനസി ച ചതുഃഷഷ്ടിരി- [തിയേ
മയൂഖാസ്തേഷാമപ്യുപരിതവ പാദാംബുജയുഗം

അയ്മ്പത്താറാണു ഭുവിൽ; സലിലമതിലതേ
  മട്ടിലയ്മ്പത്തിരണ്ടാ-
ണ;യ്മ്പത്താറോടൊരാറും ഹുതവഹനിൽ; മരു
  ത്തിങ്കലയ്മ്പത്തിനാലും;
അയ്മ്പത്തേഴൊത്ത പത്തഞ്ചുദിവി,യറുപ
  ത്തൊത്തനാൽ; ഹൃത്തിലേവം
നിന്നേവരാളുന്ന രശ്മിവ്രജമതിനുപരി
  ത്വല്പദാം ഭോജയുഗ്മം

മൂലം

(15)

ശരൽജ്യോത്സ്നാശുദ്ധാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘടികാപുസ്തകകരാം
സകൃൽന്നത്വാം ന ത്വാകഥമിവസതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാഃഫണിതയഃ

ചന്ദ്രൻ ചേരും ജടാമണ്ഡനമൊടുശരദി
  ന്ദുപ്രഭാശുദ്ധിനേടി-
സ്സംന്നിദ്രശ്രീഘടീപുസ്തകവരദവിഭീ
  യുക്തഹസ്തങ്ങളോടും
മിന്നീടും നിന്നെ നന്നായൊരുകുറിനമനം
  ചെയ്തീടാതെപ്രകാരം
ചേർന്നീടും ക്ഷീരമൃദ്വീമധുമധുരവചോ
  രാശിസത്തർക്ക നിത്യേ?

മൂലം (16)

കവീന്ദ്രാണാം ചേതഃകമലവനബാലാതപരുചിം
ഭജന്തേയേ സന്തഃകതിചിദരുണാമേവ ഭവതീം
വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീ
ഗഭീരാഭിഃ വാഗ്ഭിർവിദധതിസതാംരഞ്ജനമമീ

വിദ്വാന്മാരാകുവോരിൽ ചിലരുകവിഹൃദം
ഭോജബാലാതപശ്രീ-
വിദ്യോതിയ്ക്കുന്നൊരോമൽത്തനുവെഴുമരുണാ
ദേവി! നിൻസേവയൊന്നാൽ
കത്തും ശൃംഗാരമാധുര്യകലഹരിയെഴും
വാണിതൻസാരവാണി-
ച്ചാർത്താൽ സൽഭാവമേലുന്നവരിലധികമാം
രഞ്ജനം ചേർത്തിടുന്നു.

മൂലം (17)

സവിത്രീഭിർവ്വാചാംശശിമണിശിലാഭംഗിരുചിഭി
ർവ്വശിന്യാദ്യാഭിസ്ത്വാംസഹജനനി! സഞ്ചിന്തയതിയഃ
സ കർത്താകാവ്യാനാം ഭവതി മഹതാം ഭംഗിരുചിഭി
ർവ്വചോഭിർവ്വാഗ്ദേവീവദനകമലാമോദമധുരൈഃ

വാങ്മാതൃസ്ഥാനമേന്തിശ്ശിശിരകരമണി
കല്ലിനാൻുള്ള കാന്തി-
സ്തോമം ചിന്തും വശിന്യാദികളൊടുസഹിതം
നിന്നെഹൃത്തിൽ ഭജിപ്പോൻ
സാമർത്ഥ്യം പൂണ്ടുവാഗീശ്വരിയുടെ മുഖരാ
ജീവസൗരഭ്യമാളും
ശ്രീമദ്വാണീചയത്താൽ കവിതയെഴുതിയേ
കന്നധിമൽപ്രമോദം

മൂലം (18)

തന്വച്ഛായാഭിരസ്തതരുണതരണിശ്രീസരണിഭിർ–
ദ്ദിവംസർവ്വാമുർവ്വീമരുണിമനിമഗ്നാം സ്മരതിയഃ
ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാഃ
സഹോർവ്വശ്യാവശ്യാഃ കതികതി നഗീർവ്വാണഗണികാഃ

ആരോർക്കുന്നു? ശിവേ! നിൻതരുണദിനമണി
ശ്രീയെഴും ദേഹകാന്ത്യാ
പാരെല്ലാവും നഭസ്സും പരിചൊടരുണിമാ
മഗ്നമായിട്ടുതന്നെ
പൂരിയ്ക്കും പേടിതേടും വനമൃഗമിഴിമാ
രുർവ്വശീമുഖ്യവേശ്യാ–
ശ്രീരാജന്നാകനാരീമണികളവനഹോ!
വശ്യമാരായ് ഭവിപ്പൂ

മൂലം (19)

മുഖംബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ
ഹരാർദ്ധം ധ്യായേദ്യോ ഹരമഹിഷി! തേ മന്മഥകലാം
സസദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതിലഘു
ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം

വക്ത്രം ബിന്ദുസ്ഥലത്തും കുചയുഗളമതിൽ
താഴെയായും ഹരാർദ്ധം
തീർത്തും തന്മൂലഭാഗേ തവമദനകലാ
ധ്യാനമോടാരു വാഴ്‌വൂ?
ചിത്തക്ഷോഭം വധുക്കൾക്കവനരുളവതോ
തുച്ഛമേകുന്നു മോഹം
മിത്രേന്ദുദ്വന്ദ്വവക്ഷോരുഹഭരമിയലു
ന്നത്രിലോകിയ്ക്കുമാശ്ശേ!

മൂലം (20)

കിരന്തീമംഗേഭ്യഃ കിരണനികുരുംബാമൃതരസം
ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂർത്തിമിവ യഃ
സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ
ജ്വരാപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ

അംഗത്തീന്നംശുജാലാമൃതരസമതു ച
ന്ദ്രാശ്മമൂർത്തിയ്ക്കു തുല്യം
ഭംഗാപേതം പൊഴിയ്ക്കും ഭവതിയെനിതരാം
ഹൃത്തടത്തിൽ ഭജിപ്പോൻ
അംഗാരാക്ഷപ്രിയേ! തീർപ്പിതുഭുജഗമദം
താർക്ഷ്യനേപ്പോലെ; ചേർപ്പൂ
തുംഗാനന്ദം ജ്വരാർത്തർക്കമൃതമൊഴുകിടും
നോക്കിനാലും കണ്ണേക്കേ

മൂലം (21)

തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം
നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം
മഹാപത്മാടവ്യാം മൃദിതമലമായേന മനസാ
മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം

വിദ്യുല്ലേഖാതനുത്വം രവിശശിഹുതഭു
ഗ്രൂപമീരണ്ടുമൊത്ത-
പ്പൊൽത്താരാറിന്റെയും മേലിയലുമൊരുമഹാ
പത്മവാട്യന്തരത്തിൽ
വർത്തിയ്ക്കും നിൻ മഹത്താകിനകല, കല്മഷം
തെല്ലുമേശാത്തതാകും
ചിത്തത്തിൽ കണ്ടുപാരം കുതുകമനുഭവി
യ്ക്കുന്നു നിത്യം മഹാന്മാർ

മൂലം

(22)

ഭവാനി! ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാ-
മിതി സ്തോതും വാഞ്ഛൻ കഥയതി ഭവാനി ത്വമിതി യഃ
തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം

കുന്നിൻകന്യേ! "ഭവാനി!ത്വ"മതികരുണയാ
ദാസനാമെന്നെ നോക്കീ-
ടെന്നായേവം സ്തുതിപ്പാൻ കൊതിയൊടെവനര
പ്പു "ഭവാനിത്വ"മെന്നായ്
അന്നേരം താൻ കൊടുക്കുന്നവനു നിജമഹ
ത്തായ സായൂജ്യമാർഗ്ഗം
വന്ദ്യബ്രഹ്മേന്ദ്രവിഷ്ണുസ്ഫുടമകുടവിരാ
ജൽപ്പദം പ്രീതയായ് നീ

മൂലം

(23)

ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ
ശരീരാർദ്ധം ശംഭോരപരമപി ശങ്കേ ഹൃതമഭൂൽ
യദേതത്ത്വദ്രൂപം സകലമരുണാഭം ത്രിണയനം
കുചാഭ്യാമാനമ്രം കുടിലശശിചൂഡാലമകുടം

വാമാംഗത്തെക്കവർന്നിട്ടില്ലമതിലൊരുസ
ന്തുഷ്ടി ചേരാതെവണ്ണം
ഭീമാംഗം മററതും നീ ഹരണമതുകഴി
ച്ചെന്നു ശങ്കിച്ചിടുന്നേൻ
തന്മൂലം നിന്റെ രൂപം ത്രിണയനയുതമായ്
ശോണഭാസ്സന്തിവക്ഷോ-
ജന്മഭാരാൽ നമിച്ചും ശശിയുതമകുട
ത്തോടുമേററം ലസിപ്പൂ.

മൂലം (24)

ജഗൽസൂതേ ധാതാഹരിരവതിരുദ്രക്ഷപയതേ
തിരസ്കുർവ്വന്നേതൽസ്വമപി വപുരീശസ്തിരയതേ
സദാപൂർവ്വസ്സർവ്വം തദിദമനുഗൃഹ്ണാതി ച ശിവ
സ്തവാജ്ഞാ മാലംബ്യക്ഷണ ചലിതയോർഭ്രൂലതികയോ

ലോകേശൻ സൃഷ്ടിചെയ്യോ;നവനകലപല
ത്തുന്നവൻ വിഷ്ണു;രുദ്രൻ
ലോകത്തെസ്സംഹരിപ്പോൻ; സ്വതനുവിലവരെ
ച്ചേർത്തൊളിപ്പോൻ; മഹേശൻ
ഏകീടുന്നു സദാപൂർവ്വകശിവനവരിൽ
പ്പാരമാശിസ്സു നിത്യം
സ്വീകാരം ചെയ്തതായേ! തവപുരികലതാ
ശാസനം ഭാസമാനം

മൂലം (25)

ത്രയാണാം ദേവാനാം ത്രിഗുണജനിതാനാമപി ശിവേ!
ഭവേൽപൂജാപൂജാതവ ചരണയോര്യാ വിരചിതാ
തഥാഹിത്വൽപ്പാദോദ്വഹനമണിപീഠസ്യ നികടേ
സ്ഥിതാഹ്യേതേ ശശ്വന്മുകുളിതകരോത്തംസ മകുടാ:

നിൻനാളീകം തൊഴും ചേവടികളിലരുളും
പൂജ മുമ്മൂർത്തികൾക്കായ്
കന്നിയ്ക്കും ഭക്തിയോത്തേകിടുമൊരുമഹിതം
പൂജനം തന്നെയാവൂ
എന്നാലും താൽപ്പദം വെച്ചിടുമൊരുമണിപീ
ഠാന്തികത്തിങ്കലെന്നും
മൂന്നാളും കൂപ്പുകൈതൻ ശിരസിനിഹിതരായ്
ത്തന്നെ വർത്തിച്ചിടുന്നു.

മൂലം (26)

വിരിഞ്ചിഃ പഞ്ചത്വം വ്രജതിഹരിരാപ്നോതിവിരതിം
വിനാശം കീനാശോഭജതിധനദോയാതിനിധനം
വിതന്ദ്രീമാഹേന്ദ്രീവിതതിരപിസമ്മീലിതദൃശാ
മഹാസംഹാരേഽസ്മിൻ വിഹരതിസതിത്വൽപ്പതിരസൗ

പഞ്ചത്വം കൈവരിയ്ക്കുന്നിതുവിധി;ഹരിയും
നാശമാളുന്നു കാലൻ-
തഞ്ചാരത്തെത്തിടുന്നൂ ധനപതി;യമനും
മൃത്യുവുണ്ടായിടുന്നൂ
കിഞ്ചേന്ദ്രന്മാരുമമ്മാതിരി മൃതിയെവരി
യ്ക്കുന്നു സമ്മീലിതാക്ഷ്യാ
തഞ്ചത്തിൽക്കേളി ചെയ്‌വൂ തവപതിസതി!യി
മ്മട്ടെഴും നാശകാലേ.

മൂലം (27)

ജപോജല്പശ്ശില്പം സകലമപി മുദ്രാവിരചനാ
ഗതിഃപ്രാദക്ഷിണ്യക്രമണമശനാദ്യാഹുതിവിധിഃ
പ്രണാമസംവേശസ്സുഖമഖിലമാത്മാർപ്പണദൃശാ
സപര്യാപര്യായസ്തവഭവതുയന്മേവിലസിതം

തീരട്ടെ ചൊൽവതെന്തും തവജപവിധിയായ്
ശില്പമാമുദ്രയായും
തീരട്ടെ നിൻവലത്തായ് വരികഗതി നമ
സ്സായിടട്ടെ കിടപ്പും
തീരട്ടെ ഹോമമായിട്ടുഴകിനൊടശനാ
ദൃങ്ങളാത്മാർപ്പണത്താൽ
സൈ്വരം ഞാൻ ചെയ്‌വതെല്ലാക്രിയകളുമായിതേ
പൂജയായ്ത്തീർന്നിടട്ടെ.

മൂലം (28)

സുധാമപ്യാസ്വാദ്യപ്രതിഭയജരാമൃത്യുഹരിണീം
വിപദ്യന്തേ വിശേ്വവിധിശതമഖാദ്യാഃ ദിവിഷദഃ
കരാളം യൽക്ഷ്വേളം കബളിതവതഃ കാലകലനാ
നശംഭോസ്തന്മൂലം ജനനി! തവതാടങ്കമഹിമാ

ആക്ഷ്വം ഭീപാരമേകം ജരമൃതിമുതലാ
യുള്ള ബാധാചയത്തെ-
പ്പോക്കും പീയൂഷമുണ്ടും വിധി മഘവമുഖാ
ദിത്യരെല്ലാം നശിപ്പൂ
അക്രൂരക്ഷ്വേളമീശൻ തിരുവടിയശനം
ചെയ്കിലും കാലഗേഹം
പുക്കീലാ ദേവി! നിന്തോടകളുടെ മഹിമാ
വൊന്നുതാൻ തന്നിദാനം

മൂലം (29)

കിരീടം വൈരിഞ്ചം പരിഹരപുരഃ കൈടഭഭിദഃ
കഠോരേകോടീരേസ്ഖലസിജഹിജംഭാരിമകുടം
പ്രണമ്രേഷ്വേതേഷുപ്രസഭമുപയാതസ്യഭവനം
ഭവസ്യഭ്യുത്ഥാനേ തവപരിജനോക്തിർവ്വിജയതേ

"അംഭോജാതോത്ഭവൻ തൻ മകുടമിതുവെടി-
ഞ്ഞീടു;മുട്ടും കിരീടേ
ജംഭദ്വിട്ടിൻ്റെ; നാരായണഖരമകുടം
വിട്ടുമാറിഗ്ഗമിയ്ക്കൂ;"
മുമ്പിൽക്കുപ്പിക്കിടക്കെബ്ബൊഴുതവർ ഹരനെ
ഭ്യാഗ്നി പെട്ടെന്നു ചേന്നീ-
ട്ടേമ്പോഠം നീയെഴുന്നേ നിൻപരിജനവചനം
വെന്നിടുന്നേവമമ്മേ!

(30)

മൂലം

സ്വദേഹോൽഭൂതാഭിർഘൃണിഭിരണിമാദ്യാഭിരഭിതോ
നിഷേവ്യേ! നിത്യേ! ത്വാമഹമിതിസദാഭാവയതിയഃ
കിമാശ്ചര്യം! തസ്യ ത്രിണയനസമൃദ്ധിം ത്രിണയതോ
മഹാസംവർത്താഗ്നിർവ്വിരചയതിനീരാജനവിധിം

നിത്യം തന്നംഗഭ്രരശ്മികളണിമതുട
ങ്ങീടുവോർ ചുററിലും നി-
ന്നത്യന്തം സേവ ചെയ്യും ഭഗവതി!യെവ്വനോ
ർക്കുന്നു "ഞാനെ"ന്നു നിന്നെ-
നിത്യേ!ശർവ്വർദ്ധിപുല്ലായ് കരുതിടുമവന
ഗ്ഘോരകല്പാഗ്നിയേററം
പ്രീത്യാ ചെയ്യുന്നു നീരാജനവിധി,യതിലെ
ന്തത്ഭുതം സംഭവിപ്പൂ?

(31)

മൂലം

ചതുഃഷഷ്ട്യാതന്ത്രൈസ്സകലമതിസന്ധായഭുവനം
സ്ഥിതസ്തത്തത്സിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ
പുനസ്ത്വന്നിർബ്ബന്ധാദഖിലപുരുഷാർത്ഥൈകഘടനാ-
സ്വതന്ത്രം തന്ത്രം തേ ക്ഷിതിതലമവാതീതരദിദം

തത്തൽസിദ്ധിപ്രദാനക്ഷമതയൊടിയലും
പത്തുമയ്മ്പത്തിനാലും
തന്ത്രത്താൽലോകമെല്ലാം പശുപതിവടിവിൽ
ച്ചേർത്തു സൗഖ്യേന വാണു
സത്താനിർബ്ബന്ധവാചാ തവ പുനരഖില
ശ്രീപുമർത്ഥങ്ങൾ നൽകും
ത്വത്തന്ത്രം വേണ്ട പോലീക്ഷിതിയിലവതരി
പ്പിച്ചു നിന്നാഥനീശൻ

മൂലം (32)

ശിവശ്ശക്തിഃക്കാമ ക്ഷിതിരഥരവിശ്ശീതകിരണഃ
സ്മരോഹംസശ്ശക്രസ്തദനു ച പരാ മാരഹരയഃ
അമീഹ്രല്ലേഖാഭിസ്തിസൃഭിരവസാനേഷുഘടിതാ
ഭജന്തേവർണ്ണാസ്തേതവജനനി! നാമാവയവതാം

ചിൽക്കാമ്പേ! യ ശ്ശിവൻ ശക്തിയുമതുവിധമ
ക്കാമനും ഭൂമിയും പി–
മ്പക്കൽ സോമസ്മരാജേന്ദ്രരുമഥപരമാ
രൻ ഹരിത്യക്ഷരങ്ങൾ
ക്കൈക്കൊണ്ടിട്ടു മൂന്നാകിന ഹൃദയമഹാ
ലേഖകൾക്കന്ത്യഭാഗേ
ചേർക്കുമ്പോൾ നിന്റെ നാമാവയവതശരിയാ
യ്വന്നു ചേരുന്നു തായേ!

മൂലം (33)

സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൗതവമനോ
ർന്നിധായൈകേ നിത്യേ! നിരവധി മഹാഭോഗരസികഃ
ഭജന്തിത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാ
ശ്ശിവാഗ്നൗജുഹ്വന്തസ്സുരഭിഘൃതധാരാഹുതിശതൈഃ

നിന്മന്ത്രത്തിന്റെ യാദ്യം മദനനമഥയോ
നിയ്ക്കുമങ്ങീക്രമത്താൽ
ലക്ഷ്മിയ്ക്കും സ്ഥാനമേകിച്ചിലരതിസുഖപീ
യൂഷപാനാലസന്മാർ
അമ്മേ സേവിപ്പു നിന്നെ പ്രകലിതഗുണചി
ന്താമണീകാക്ഷസൂത്രം
ഏന്തോരാൽ സൗരഭേയാജ്യകഹവനശതം
ചെയ്തു ശൈവാഗ്നിയിങ്കൽ.

മൂലം

(34)

ശരീരം ത്വം ശംഭോ ശ്ശശിമിഹിരവക്ഷോരുഹയുഗം
തവാത്മാനം മന്യേ ഭഗവതി! നവാത്മാനമനഘം
അതശ്ശേഷശ്ശേഷീത്യയമുഭയസാധാരണതയാ
സ്ഥിതസ്സംബന്ധോവാം സമരസപരാനന്ദപരയോ

കമ്രശ്രീചന്ദ്രസൂര്യസ്തനയുഗളമെഴും
നീ ശിവാംഗം മനോജ്ഞം
ബ്രഹ്മാദ്യാർച്ച്യേ! തവാംഗം നവമയനനഘൻ
ശംഭുതാനായിടുന്നു
തന്മൂലം ശേഷശേഷീഘടനതടവിര
ണ്ടാളുമൊപ്പം ഭജിപ്പൂ
സമ്മോദം; നിങ്ങൾ തൻയോജനമതുഭയസാ
ധാരണാരീതി തന്നെ

മൂലം

(35)

മനസ്ത്വം വ്യോമത്വം മരുദസിമരുത്സാരഥിരസി
ത്വമാപസ്ത്വം ഭൂമി സ്ത്വയിപരിണതായാം നഹി പരം
ത്വമേവസ്വാത്മാനം പരിണമയിതും വിശ്വവപുഷാ
ചിദാനന്ദാകാരം ശിവയുവതി ഭാവേനബിഭൃഷേ

ചിത്തം നീ വ്യോമവും നീയനിലനുമനലൻ
താനുമബ്ഭൂവുമപ്പും
പാർത്താൽ നീ തന്നെ, നിന്നിൽപ്പരമൊരുവകയും
നീലസിയ്ക്കുമ്പോളുണ്ടോ?
സത്താം നീ തൻറയാത്മാവിനെയെതിലുമിയ
റ്റീടുവാൻ വിശ്വമൂർത്ത്യാ
നിത്യം ചിന്മോദരൂപം ശിവയുവതിമഹ
സ്സാർന്നു നന്നായ് ഭരിപ്പൂ

മൂലം (36)

തവാജ്ഞാ ചക്രസ്ഥം തപനശശി കോടിദ്യുതിധരം
പരംശംഭും വന്ദേ പരിമിളിതപാർശ്വം പരചിതാ
യമാരാദ്ധ്യൻ ഭക്ത്യാരവിശശിശുചിനാമവിഷയേ
നിരാലോകേ ലോകേനിവസതിഹിഭാലോകഭുവനേ!

സുരേന്ദ്രസ്തോമകോടിച്ഛവിതടവിതവാ
ജ്ഞാഖ്യ ചക്രത്തിൽ വാഴും
പേരാളും ശംഭു, പാർശ്വസ്ഥലമിളിതപരാ
ശക്തിയെന്നോർത്തിടുന്നേൻ
ആരാരാധിപ്പൂ? ഭക്ത്യാ പരനെയവ, നിനേ
ന്ദ്വഗ്നി ദുർല്ലഭ്യമായി-
ട്ടാരും കേറാത്തഭാസംജ്ഞകഭുവനതലേ
വാഴ്‌വിതാ/ലോകശൂന്യേ.

മൂലം (37)

വിശുദ്ധൗതേ ശുദ്ധസ്ഫടിവിശദം വ്യോമജനകം
ശിവം സേവേദേവീമപിശിവസമാനവ്യവസിതാം
യയോഃ കാന്ത്യായാന്ത്യാശ്ശശി കിരണസാരൂപ്യസരണേ-
ർവ്വിധൂതാന്തർദ്ധ്വാന്താ വിലസതി ചകോരീവജഗതീ

ശുദ്ധിശ്രീചക്രമദ്ധ്യേ സ്ഫടികവിശദനായ്
ദ്യോവൃതൻ ജന്മമായി
ട്ടദ്ധ്യാസിയ്ക്കും ശിവൻ തന്നെയുമിഹശിവനോ
ടൊത്തൊരദ്ദേവിയേയും
ഓർത്തീടുന്നേൻ; ഹിമാംശുദ്യുതിപരമിയലും
തൽപ്രഭാസപ്രവാഹാൽ
ചിത്തദ്ധ്വാന്തം കെട്ടതിജ്ജഗതിയിതു ചകോ
രപ്പിടയ്ക്കൊപ്പമാവൂ.

മൂലം (38)

സമുന്മീലൽ സംവിൽക്കമലമകരന്ദൈകരസികം
ഭജേഹംസദ്വന്ദ്വം കമപി മഹതാംമാനസചരം
യദാലാപാദഷ്ടാദശഗുണിത വിദ്യാപരിണതി-
ര്യദാ ദത്തേ ദോഷാൽഗുണമഖിലമദ്ഭ്യഃപയ ഇവ

ജ്ഞാനാംബുജത്തേൻ നുകന്നങ്ങിനെ മഹിമയെഴു
ന്നോർകൾ തൻ മാനസത്തിൽ-
ത്താനേതാൻ സഞ്ചരിക്കും മികവിയലുമൊരാ
ഹംസയുഗ്മം ഭജിപ്പേൻ;
നാനാലാപാലതഷ്ടോത്തരദശതരമാം
വിദ്യയുണ്ടാക്കിടുന്നു
ന്നൂനം കൈക്കൊൾവൂ ദോഷാൽഗുണചയമുദകൽ
സ്വാദുദുഗ്ദ്ധം കണക്കെ.

മൂലം (39)

തവസ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായനിരതം
തമീഡേ സംവർത്തം ജനനി! മഹതീം താഞ്ച സമയാം
യദാലോകേ ലോകാൻ ദഹതി മഹതി ക്രോധകലിതേ
ദയാർദ്രായാ ദൃഷ്ടിശ്ശിശിരമുപചാരം രചയതി

സ്വാധിഷ്ഠാനാഖ്യചക്രേ തവ, ലയശിഖിയെ
ച്ചേർത്തു ഭക്ത്യാ ഭജിപ്പേ-
നാധിപ്പൂടറു ചേർത്താഹരനൊടുസമയാ
ഭിഖ്യയാം ദേവിയേയും
ക്രോധം കൈക്കൊണ്ടു നോക്കീട്ടവരൊടുവുദഹി
പ്പിപ്പു ലോകത്തെയെല്ലാം
സാധിപ്പൂ നിൻ ദയാർദ്രാമിഴിയതിന്നുതക
ന്നോരു ശീതോപചാരം.

മൂലം (40)

തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ
സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം
തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം
നിഷേവേ വർഷന്തം ഹരമിഹിരതപ്തം ത്രിഭുവനം

വിദ്യുത്തോടൊത്തിരുട്ടിന്നരുതിപരമിയ
        റുന്നൊരക്കാന്തിശക്ത്യാ
പ്രദ്യോതപ്രൗഢരത്നാഭരണചയമിളൽ
        ജ്ജിഷ്ണുചാപാഭനേടി
വർത്തിയ്ക്കുന്നേകനീലാംബുദമതുമണിപൂ
        രാന്തരേ തേ ഹരാർക്കോ-
ത്തപ്തത്രൈലോക്യവർഷപ്രദമതിനെ നിഷേ
        വിച്ചിടുന്നേനിതാ ഞാൻ

മൂലം (41)

തവാധാരേ മൂലേ സഹസമയയാലാസ്യപരയാ
നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം
ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യദയയാ
സനാഥാഭ്യാം ജജ്ഞേ ജനകജനനീമജ്ജഗദിദം

മൂലാധാരത്തിലമ്മേ! തവ നടിസമയാ
        യുക്തനായ് ലാസ്യലീലാ-
ലോലൻ ശ്രീമന്നടേശൻ നവമയശിവനാ
        ണെന്നു ഞാനന്നിടുന്നേൻ
ചേലോടിരണ്ടുപേരും മഹദുദയവിധാ
        നത്തെയോർത്തിട്ടു നന്നാ-
യീലോകത്തെബ്ഭരിപ്പാൻ ജനകജനനിമാ
        രായ് ഭദ്രയായുക്തരായോർ

ഭാഷാസൗന്ദര്യലഹരീസ്തോത്രം

(ഉത്തരഭാഗം)

മൂലം

(I)

ഗതൈർമ്മാണിക്യത്വം ഗഗനമണിഭിസ്സാന്ദ്രഘടിതം
കിരീടം തേ ഹൈമം ഹിമഗിരിസുതേ! കീർത്തയതിയഃ
സനീഡേയച്ഛായാച്ഛുരണശബളം ചന്ദ്രശകലം
ധനുശ്ശൗനാസീരം കിമിതിനനിബധ്നാതിധിഷണാം

മാതേ! മാണിക്യരത്നായിത ഗഗനമണി
ശ്രേണിയാൽത്തീർത്തതായി-
ച്ചേതോരമ്യാഭകോലും തവ കനകകിരീ
ടത്തെ വർണ്ണിപ്പതാരോ
യാതൊന്നിൻ രത്നഭാസാശബളനിറമിയ
ന്നോരുശീതാംശുഖണ്ഡം
ചേതസ്സിൽ ശക്രചാപഭ്രമമവനവശ
ത്തുന്നു നിസ്തോകമായി.

മൂലം (2)

ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരംബം തവ ശിവേ!
യദീയം സൗരഭ്യം സഹജമുപലബ്ധും സുമനസോ
വസന്ത്യസ്മിൻ മന്യേ വലമഥനവാടീവിടപിനാം

സ്നിഗ്ദ്ധശ്ലക്ഷ്ണാതിസാന്ദ്രം തവ ചികുരഭരം
ഫുല്ലനീലാബ്ജപാളി—
യ്യോത്തേററം ലാലസിയ്ക്കുന്നതു ജവമൊടക
ക്കേണമസ്മത്തമിസ്രം-
സുത്രാമാവിൻമലർക്കാവിലെയലരുകളി
ക്കുന്തളാജന്മസൗര-
ഭ്യത്തെത്തേടുന്നതിന്നായ്ക്കൊതിയൊടതിൽവസി
യ്ക്കുന്നുവെന്നോർത്തിടുന്നേൻ.

മൂലം (3)

തനോതു ക്ഷേമം നസ്തവ വദനസൗന്ദര്യലഹരീ
പരീവാഹസ്രോതസ്സരണിരിവ സീമന്തസരണിഃ
വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-
ദ്വിഷാം വൃന്ദൈർബ്ബന്ദീകൃതമിവ നവീനാർക്കകിരണം

ചെയ്തീടട്ടെ സുഖം ഞങ്ങളിലഗതനയേ!
വക്ത്രസൗന്ദര്യധാരാ-
സ്രോതസ്സിൻ മാർഗ്ഗമായീടിനതവമഹിമാ
വാർന്ന സീമന്തമാർഗ്ഗം
യാതൊന്നക്കുങ്കുമം പൂണ്ടതിബലമിയലും
കേശഭാരാന്ധകാരാ-
രാതിവ്രാതം തടഞ്ഞീടിന നവദിനനാ
ഥാംശുപോലുല്ലസിപ്പൂ.

മൂലം (4)

അരാളൈസ്സ്വാഭാവ്യാദളികളഭസ ശ്രീഭിരളകൈഃ
പരീതം തേ വക്ത്രം പരിഹസതിപങ്കേരുഹരുചിം
ദരസ്മേരേയസ്മിൻ ദശനരുചികിഞ്ജല്കരുചിരേ
സുഗന്ധൗമാദ്യന്തിസ്മരദഹന ചക്ഷുർമ്മധുലിഹഃ

ജാത്യാ നന്നായ് ചുരുണ്ടിട്ടളികളഭനിറം
പേറിടും ചൂർണ്ണകേശ-
പ്രദ്യോതാസ്യംതവാംഭോരുഹരുചിയെഹസി
യ്ക്കുന്നു സന്ദേഹമെന്യേ
ദന്തശ്രീകേസരഘലദ്യുതിവിതറിസുഗ
ന്ധത്തൊടും മന്ദഹാസം
ചിന്തുന്നോരായതിങ്കൽ സ്മരഹരനയനാ
ളിത്രയം സമ്മദിപ്പൂ.

മൂലം (5)

ലലാടം ലാവണ്യദ്യുതിലസിതമാഭാതിതവയ-
ദ്വിതീയം തന്മന്യേമകുടഘടിതം ചന്ദ്രശകലം
വിപര്യാസന്യാസാദുഭയമപിസംഭൂയ ച മിഥഃ
സ്സുധാലേപസ്യൂതിഃ പരിണമതിരാകാഹിമകരഃ

ലാവണ്യാഭയ്ക്കിരിപ്പാംതവനിടിലതടം
പൊൻ കിരീടാന്തരേന്ദ
ദേവേഡ്യേ! ചേർത്ത രണ്ടാം ശശിശകലമതെ
ന്നായ് നിനയ്ക്കുന്നിതാ ഞാൻ
ഏവം മട്ടല്ല രണ്ടും വടിവിനൊടുമറി
ച്ചൊത്തു ചേർത്തങ്ങുവെച്ചാ-
ലാവും പീയൂഷയൂഷപ്പശ പുരളുകയാൽ
പൂർണ്ണശീതാംശുവായി.

(6)

മൂലം

ഭ്രൂവൗ ഭുഗ്നേ കിഞ്ചിൽ ഭുവനഭയഭംഗവ്യസനിനി!
ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം
ധനുർമ്മന്യേ സവ്യേതരകരഗൃഹീതം രതിപതേഃ
പ്രകോഷ്ഠേ മുഷ്ടൗ ച സ്ഥഗയതി നിഗൂഢാന്തരമുമേ!

അല്പം വക്രിച്ച നിൻ ഭ്രൂലതകളളിരുചി
ദ്യോതിനേത്രദ്വയത്താൽ
നല്ലേറീടുന്ന ഞാൺകെട്ടിയ മദനധനു
സ്സെന്നു ഞാനോർത്തിടുന്നേൻ
പുഷ്പാസ്ത്രൻ തന്നിടത്തേക്കരതലമതിനാ
ലായതേന്തുന്ന നേര-
ത്തൊപ്പം കൈത്തണ്ടുമമ്മുഷ്ടിയുമതിനിടമ
ധ്യപ്രദേശം മറപ്പൂ.

(7)

മൂലം

അഹസ്സൂതേ സവ്യം തവനയനമർക്കാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീനായകതയാ
തൃതീയാ തേ ദൃഷ്ടിർദ്ദരദലിതഹേമാംബുജരുചി-
സ്സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരീം

മിത്രത്വം കൊണ്ടു നിൻ ദക്ഷിണനയനമഹ
സ്സിൽ ജനസ്സേകിടുന്നു
രാത്രീശത്വം കലർന്നോരിടതുമിഴിനിശാ
സൃഷ്ടിയും ചെയ്തിടുന്നു
നേത്രം മൂന്നാമതൊന്നങ്ങുചെറുതുവിട
ർന്നുള്ള ഹേമാംബുജശ്രീ-
യൊത്തിട്ടുസന്ധ്യയേയും ദിവസനിശകൾ ത
ന്നന്തര ചെയ്തിടുന്നു.

മൂലം

(8)

വിശാലാ കല്യാണീ സ്ഫുടരുചിരയോദ്ധ്യാ കുവലയൈഃ
കൃപാധാരാധാരാ കിമപി മധുരാ ഭോഗവതികാ
അവന്തീ ദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ.

"കല്യാണി" ശ്രീ "വിശാലാ" അചിരകുവലയ
ശ്രേണിയാലങ്ങയോദ്ധ്യാ
ഇല്യാ സപാ "ഭോഗവത്യാ" ഭിധ പുരമധുരാ
സദ്ദയാ "ധാര" ഭൃതാ
ചൊല്ലേറും സർവ്വഭാസപൽപ്പുരതത "വിജയാ"
സാധപ "വന്തീ" തിപാരം
വെല്ലുന്നു ദൃഷ്ടിതായേ! തവ സകലപുര
ത്തിൻെറയും നാമമേന്തി.

മൂലം

(9)

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകലഭൗ കർണ്ണയുഗളം
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരളൗ
അസൂയാസംസർഗ്ഗാദളികനയനം കിഞ്ചിദരുണം

യുക്തിപ്പൂന്തോട്ടത്തിൽനിന്നും കവികൾ വിതറിടും
മാധുരീമാലപിയുന്നും
ശ്രോത്രങ്ങൾക്കൊട്ടടുത്തായ് മരുവിനവരസാ
സ്വാദനം ചെയ്തു നിത്യം
മുത്താർന്നീടും കടാക്ഷാമലമധുപകിശോ
രങ്ങളെക്കണ്ടസൂയ
ഷ്ഠത്യന്തം കീഴ് വഴങ്ങി ജനനി! തവ ലലാ
ടാക്ഷിയല്പം ചുമന്നു.

മൂലം (10)

ശിവേ! ശൃംഗാരാദ്രാതദിതരജനേ കുത്സനപരാ
സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ
ഹരാഹിഭ്യാഭീതാ സരസിരുഹസൌഭാഗ്യജനനീ
സഖീഷുസ്മേരാതേമയിജനനി! ദൃഷ്ടിസ്സകരുണാ

ശ്രീമൽശൃംഗാരഭാവം ശിവനിലശിവരിൽ
കുത്സനം, ഭീഹരാഹി-
സ്തോമത്തിൽ, ഗംഗ തന്നിൻ ക്രുധ;ഗിരിശചരി
ത്രത്തിലാശ്ചര്യഭാരം,
ത്തുമന്ദസ്മേരമാളീജനമതി,ലമലാം
ഭോരുഹശ്രീകരം,താ-
നീമട്ടിൽ ദൃഷ്ടി വെല്ലുന്നിതുതവ കരുണാ
വർഷമെന്നിൽപ്പൊഴിച്ചും.

മൂലം (11)

ഗതേകർണ്ണാഭ്യർണ്ണം ഗരുതഇവപക്ഷ്മാണിദധതീ
പുരാംഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ
ഇമേനേത്രേ ഗോത്രാധരപതികുലോത്തംസകലികേ!
തവാ കർണ്ണാകൃഷ്ടസ്മരശരവിലാസം കലയത

ശ്രോത്രാഭ്യന്നം ഗമിച്ചും ചിറകുകളിതിതോ
ന്നിച്ചിട്ടും ചാരുപക്ഷ്മ-
ച്ചാൎത്താർന്നും കാലകാലന്നിയലുമൊരുമനോ
ജാത്തിയെത്തീർത്തുകൊണ്ടും
നേത്രദ്വന്ദ്വം ത്വദീയം ജനതയിൽ മദനാ
കർണ്ണകൃഷ്ടാസ്ത്രമെന്നായ്
ചേർത്തിട്ടംഭ്രാന്തി ഭ്രമീധരകുലകലികേ
തോഷമേകുന്നിതെന്നും.

മൂലം

(12)

വിഭക്തത്രൈവർണ്ണ്യം വ്യതികരിതലീലാഞ്ജനതയാ
വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ!
പുനഃസ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ
രജസ്സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ

ഉന്നിദ്രശ്രീകലർന്നോരണിമഷിയതിനാൽ
മൂന്നു വർണ്ണം ഭവിയ്ക്കു-
ന്നെന്നായ് തോന്നിയ്ക്കുമക്ഷിത്രയമിതുഗിരിശ
പ്രേമസർവ്വസ്വഗേഹേ!
തന്നിൽ സംലീനരാം കേശവവിധിഹരരെ
സൃഷ്ടി ചെയ്യുന്നതിന്നായ്
പിന്നെയും സാത്വികാദി ത്രിഗുണമതിനെയെ
ന്നോണമെന്നും ഭരിപ്പൂ.

മൂലം

(13)

പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ!
ദയാമിത്രൈർന്നേത്രൈരരുണധവളശ്യാമരുചിഭിഃ
നദശ്ശോണോ ഗംഗാതപനതനയേതി ധ്രുവമമും
ത്രയാണാം തീർത്ഥാനാമുപനയസി സംഭേദമനഘം

ശുദ്ധന്മാരാക്കുവാനായിവരെയതിതരാം
ശുഭ്രനീലാരുണശ്രീ-
മെത്തിക്കാരുണ്യഭാരത്തൊടു വിലസിടുമി
ച്ചാരുനേത്രത്രയത്താൽ
ചേർത്തീടുന്നിതികേനീ സുരനദി,യമുന,
ശ്രീനദംശോണസംജ്ഞം,
തീർത്ഥം മൂന്നേവമുണ്ടായതിനുടയമഹാ
സംഗമസ്ഥാനമമ്മേ!

(12)

(13)

മൂലം

(14)

നിമേഷോന്മേഷാഭ്യാം പ്രലയമുദയം യാതി ജഗതീ
തവേത്യാഹുസ്സന്തോ ധരണിധരരാജന്യതനയേ!
തദുന്മേഷാൽ ജാതം ജഗദിദമശേഷം പ്രലയതഃ
പരിത്രാതും ശങ്കേ പരിഹൃതനിമേഷാസ്തവദൃശഃ

ഉന്മേഷത്താൽ ജനിക്കുന്നിതു തവ ജഗതീ
  മണ്ഡലം തന്നിമേഷാൽ
ചെമ്മേ നാശം വ്രജിക്കുന്നിതി സുധികളുര
  ക്കുന്നു ലോകൈകനാഥേ!
ഉന്മേഷാൽ ജാതമാമീയുലകലയമതി
  ങ്കേന്നു രക്ഷിക്കുവാൻ കൺ-
ചിമ്മാതെന്നും വസിക്കുന്നിതു ഭവതിയിതേ
  മട്ടു ശങ്കിച്ചിടുന്നേൻ.

മൂലം

(15)

തവാപർണ്ണേ! കർണ്ണേജപനയനപൈശുന്യചകിതാഃ
നിലീയന്തേ തോയേ നിയതമനിമേഷാശ്ശഫരികാഃ
ഇയം ച ശ്രീർബ്ബദ്ധച്ഛദപുടകവാടം കുവലയം
ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി

മാതാവേ! നിന്റെ കർണ്ണേജപനയനദുർ
  ബ്ബോധനാദീതി തേടി-
പ്പാഥസ്സിൽത്തന്നെ പെണ്മീൻനിരമിഴികളട-
  യ്ക്കാതെ വാഴുന്നു നൂനം
പ്രാതഃകാലത്തടച്ചിട്ടിട്ടൊരു ദളമാം
  വാതിൽവെട്ടിത്തുറന്നീ-
ശ്രീ,തഞ്ചം പാർത്തു നീലോല്പലമതിലണയു
  ന്നു നിശാവേളയിങ്കൽ.

മൂലം

(16)

ദൃശാദ്രാഘീയസ്യാദരദലിതനീലോല്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാമാമപി ശിവേ!
അനേനായം ധന്യോഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ

ഫുല്ലിച്ചല്ലം, ലസിയ്ക്കും കുവലയരുചിവെ
ല്ലുന്ന നീണ്ടുള്ള ദൃഷ്ട്യാ
കില്ലെന്ന്യേ മാം കുളിപ്പിയ്ക്ക ദയയൊട്; ഞാൻ
ദൂരഗൻ ദീനദീനൻ
ഇല്ലേതും നഷ്ടമമ്മയ്ക്കിതി;ലിവനിതുകൊ
ണ്ടേററവും ധന്യനാകാം;
തുല്യം തൂവുന്നു ഹർമ്മ്യത്തിലുമടവിയിലും
ചന്ദ്രമസ്സംശുപൂരം.

മൂലം

(17)

അരാളം തേ പാളീയുഗളമഗരാജന്യതനയേ!
ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം
തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസ-
ന്നപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം

ചൊൽക്കൊള്ളും നിന്റെ പാളീയുഗമിതുവളവാ
ർന്നുള്ളതക്കാമദേവൻ
കൈക്കൊണ്ടിടുന്നവില്ലിൻ കുതുകമെവനുചേ
ക്കാത്തുമൈശൈലേന്ദ്രകന്യേ!
അക്കർണ്ണാദ്ധ്വാവു ലംഘിച്ചതിലവിടെവില
ങ്ങിക്കടാക്ഷം കടക്കൻ-
ദീർഘം കാണും ജനത്തിൽത്തരമൊടുശരസ
ന്ധാനധീ ചേർത്തിടുന്നു.

(18)

മൂലം

സ്ഫുരൽഗ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗളം
ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം
യമാരുഹ്യ ദ്രുഹ്യത്യവനിരഥമർക്കേന്ദുചരണം
മഹാവീരോമാരഃ പ്രമഥപതയേ സജ്ജിതവതേ

മിന്നും ഗണ്ഡത്തിൽ നന്നായ് നിഴൽപതിയുമൊര
ത്തോടരണ്ടൊത്ത വക്ത്രം
തോന്നിപ്പൂതേ ശിവേ! മന്മഥനുടെയുരുലംനാ
ലൊത്ത തേരെന്നു തന്നേ
കന്ദർപ്പൻ ബാണനേറീട്ടതിലരുണനമ
ച്ചന്ദ്രനും ചക്രമായി—
ച്ചേർന്നീടും ഭൂരഥത്തിൽക്കയറിയെതിരിടും
ശംഭുവിൽ ബാധ ചേർപ്പൂ.

(19)

മൂലം

സരസ്വത്യാസ്സൂക്തീരമൃതലഹരീകൗശലഹരീഃ
പിബന്ത്യാശ്ശർവ്വാണി! ശ്രവണചുളുകാഭ്യാമവിരളം
ചമൽക്കാരശ്ലാഘാ ചലിതശിരസഃ കുണ്ഡലഗണഃ
ഝണൽക്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവതേ

ആകെപ്പീയൂഷഡംഭം കളയുമൊരുവിധി
പ്രേയസീസൂക്തിവൃന്ദം
നീകമ്രച്ഛായമോരും ശ്രുതിചുളുകയുഗം
കൊണ്ടു പാനം നടത്തി
ശ്ലാഘിച്ചപ്പോളതിന്മാധുരി തുടിതിശിര:
കമ്പനം ചെയ്തു മഞ്ജു-
ശ്രീകം തൽകുണ്ഡലൗഘം പ്രതിമൊഴികളുര
പ്പൂ ഝണൽക്കാരദംഭാൽ.

മൂലം

(20)

അസൗനാസാ വംശസ്ഥഗിനഗിരി വംശധ്വജപടി!
ത്വദീയോന്നേദീയം ഫലതുഫലമസ്മാകമുചിതം
വഹത്യന്തർമ്മുക്താശ്ശീശിരകരനിശ്വാസഗളിതം
സമൃദ്ധ്യായത്താസാംബഹിര പിച മുക്താമണിധരഃ

എന്തോ? ശീതാദ്രി വംശക്കൊടി!യുരപെരുമീ
നിന്റെ നാസാമുളക്കോ–
ലെന്തായേ! കാച്ചിടാത്തു സമുചിതഫലമെ
ങ്ങാക്ക വൈകിപ്പതെന്തോ?
അന്തർഭാഗത്തു മുത്തത്യധികമെഴുമിത
ച്ചന്ദ്രനിശ്വാസശക്ത്യാ
ചിന്തിപ്പോന്നുള്ള മുക്താമണിപുറമെയുമേ
ന്തുന്നു കാന്താഭമായി.

മൂലം

(21)

പ്രകൃത്യാ രക്തായാസ്തവസുദതി! ദന്തച്ഛദരുചേഃ
പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ
നബിംബം തൽബിംബപ്രതിഫലനരാഗാദരുണിതം
തുലാമദ്ധ്യാരോഢും കഥമിവ വിലജ്ജേത കലയാ

ജന്മം തൊട്ടേ ചുമപ്പാന്നൊരുതവരദനാ
ച്ഛാദനത്തിന്റെ ശോഭാ
സാമ്യം പൊല്ലെണ്ണമെങ്കിൽ പവിഴലതഫലി
ക്കേണമല്ലാതസാദ്ധ്യം
ബിംബം താനാകമോ തൽപ്രതിഫലനമഹ
സ്സാർന്നു ശോണാഭചേരും
ബിംബം തത്തുല്യമാവാൻ കൊതികരുതിടമോ
ലജ്ജയാതെല്ലപോലും?

മൂലം (22)

സ്മിതജ്യോത്സ്നാജാലം തവ വദന ചന്ദ്രസ്യ പിബതാം
ചകോരാണാമാസീദതിരസിതയാ ചഞ്ചുജഡിമാ
അതസ്തേ ശീതാംശോരമൃതലഹരീമമ്ലരുചയഃ
പിബന്തി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ചികധിയാ

തവ ചന്ദ്രമുഖം സ്മിതജ്യോത്സ്നികവളരെയശി
ച്ചായതിൻ സ്വാദ്ദ മൂലം
മെത്തീടും ചഞ്ചുജാഡ്യം കളവതിന്ന ചകോ
രങ്ങളമ്ലാശയോടും
നിത്യം പീയൂഷമോലും ശശികരനികരം
കാടിയെന്നായ് നിനച്ച-
ത്യാത്ത്യാ പാരം കുടിപ്പൂ നിശകളിലിളവി
ല്ലാതെയിഷ്ടപ്രകാരം

മൂലം (23)

അവിശ്രാന്തം പത്യുർഗ്ഗുണഗണകഥാമ്രേഡനജപാ
ജപാപുഷ്പച്ഛായാ ജനനി! തവ ജിഹ്വാ ജയതി സാ
യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ
സരസ്വത്യാഃ മൂർത്തിഃ പരിണമതി മാണിക്യവപുഷാ

തെല്ലും വിശ്രാന്തിയെന്യേ പലകുറിഗ്ഗുണമേ
റീടുമക്കാന്തവൃത്തം
ചൊല്ലിസ്സ്വഷ്ടം പുകഴ്ത്തിത്തവരസനജപാ
പുഷ്പഭാസ്സാന്നു വെൽവൂ
എല്ലായ്പ്പോഴും തദഗ്രസ്ഥലിയിൽ മരുവുമാ
വാണിതൻ സ്ഫാടികശ്രീ-
വെല്ലും വാരുററ ദേഹം ജനനി! പരിണമി
യ്ക്കുന്നു മാണിക്യമൂർത്ത്യാ.

മൂലം

(24)

രണേജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭി
ർന്നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമ്മാല്യവിമുഖൈഃ
വിശാഖേന്ദ്രോപേന്ദ്രൈശ്ശശിവിശദകർപ്പൂരശകലാഃ
വലീയന്തേ മാതസ്തവ വദന താംബൂലകബളാഃ

അമ്മേ! ദൈത്യർക്കു യുദ്ധോപരവശതപരം
ചേർത്തു ചണ്ഡാംശുശ്ശൂലി–
നിർമ്മാല്യം കൈവെടിഞ്ഞോ 'രുമുഖ' 'ഹരി' ദേ
വേശ' രാന്തികത്തിൽ
വർമ്മം മാററാതെ, മാററിപ്പരിചിനൊടുതല
പ്പാവു, കർപ്പൂരയുക്തം–
താംബൂലം നീ ചവച്ചുള്ളതു രസമൊടുവാ
ങ്ങിച്ചു ഭക്ഷിച്ചിടുന്നു.

മൂലം

(25)

വിപഞ്ച്യാഗായന്തീ വിവിധമപദാനം പശുപതേ–
സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ!
തദീയൈർമ്മാധുര്യൈരപലപിതതന്ത്രീകളരവാം
നിജാം വീണാം വാണീനിചുളയതിചോളേന നിഭൃതം

ദേവേശാനാപദാനം ഗുണഗണമിളിതം
വീണയിൽപ്പാടിടുമ്പോൾ
നീ വേഗം ശീർഷകമ്പത്തൊടു പരമതു ന
ന്നെന്നു ചൊൽവാൻ തുടങ്ങ
ആവാണിയ്ക്കാത്തുചേതം മധുരിമലവമി
ല്ലാത്ത തന്ത്രീ നിനാദം–
താവും തൻവീണവാഗ്ദേവത നിഭൃതമുടൻ
മൂടിടുന്നു പടത്താൽ.

മൂലം (26)

കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ
ഗിരീശേനോദസ്തം മുഹുരധരപാനാകുലതയാ
കരഗ്രാഹ്യം ശംഭോർമ്മുഖമുകുരവൃന്തം ഗിരിസുതേ!
കഥംകാരം ബ്രൂമസ്തവ ചിബുകമൗപമ്യരഹിതം

വാത്സല്യത്താൽ കരാഗ്രാൽധരണിധരവരാ
ൽസ്പൃഷ്ടമായോഷ്ഠപാനാ–
ത്യുത്സാഹത്താൽ ഗിരീശൻ മുഹുരപി കരതാർ
കൊണ്ടുദഞ്ചിച്ചതായി
അസ്സാമ്യം വിട്ടതായ് ശങ്കരകരകലിത
ശ്രീമുഖാദർശവൃന്തോ–
ത്താസ്സാളം താവകീയം ചിബുകമിദമുമേ!
ഞങ്ങളെമ്മട്ടുരയ്ക്കും?

മൂലം (27)

കരാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ
തവ ഗ്രീവാ ധത്തേ മുഖകമലനാളശ്രിയമിയം
സ്വതഃ ശ്വേതാ കാലാഗരുബഹുളജംബാളമലിനാ
മൃണാളീലാളിത്യം വഹതി യദധോ ഹാരലതികാ

മുക്കണ്ണൻ തൻകരാശ്ലേഷണവിധിയതിനാൽ
കണ്ടകത്തോടുചേർന്നോ–
രിക്കണ്ഠം സംവഹിപ്പൂ തവവദനസരോ
ജാതനാളീവിലാസം
ഏക്കാലത്തും വെളുത്തങ്ങിനെയതിനടിയിൽ
ച്ചേരുമച്ചാരുഹാരം
നേർക്കുന്ന കാരകിൽച്ചേർത്തടവി മലിനമാ
യബ്ബിസശ്രീയൊടേറാം.

മൂലം

(28)

ഗളേരേഖാസ്തിസ്രോഗതിഗമകഗീതൈകനിപുണേ!
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ
വിരാജന്തേനാനാവിധമധുരരാഗാകരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവതേ

ഓമൽഗീതപ്രവീണേ! തവ ഗളമതിലായ്
രേഖ മൂന്നുണ്ടതന്നാം
കാമം വേളിയ്ക്കു കെട്ടിച്ചൊരു ചരടുകളാംതൻ
ജാമൃഭാവത്തെയേന്തി
ശ്രീമന്മാധുര്യരാഗാകരതവിരവിലീ
ട്ടെററഴം ത്രിസപ്തത്തിൻ-
ഗ്രാമത്തെത്തമ്മിൽ വേർ നിർത്തിടുമൊരതിരു
പോലായതേററം ലസിപ്പൂ.

മൂലം

(29)

മൃണാളീമൃദ്വീനാം തവഭുജലതാനാം ചതസൃണാ
ചതുർഭിസ്സൗന്ദര്യം സരസിജ[illegible]സ്തൗതിവദനൈ
നഖേഭ്യസ്സംത്രസ്യൻ പ്രഥ[illegible]ന്തകരിപോ
ശ്ചതുർണ്ണാം ശീർഷാണാം [illegible]

"മൂന്നാം പ്രാപിച്ച ന[illegible]റസ്താർപ്പ
ത്തഭീതനായ് ന[illegible]ിഹരന
പിന്നെശ്ലേഷിച്ചതി[illegible]ം
വേളയിൽ[illegible]യമൊര
എന്നോർത്തിട്ട[illegible]"
നിൻക[illegible]ഴമീ
തന്നാലാസ്യ[illegible]
ചെയ്[illegible]സ

മൂലം (28)

ഗളേരേഖാസ്തിസ്രോഗതിഗമകഗീതൈകനിപുണേ!
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ
വിരാജന്തേനാനാവിധമധുരരാഗാകരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാനഇവതേ

ഓമൽഗീതപ്രവീണേ! തവ ഗളമതിലായ്
രേഖ മൂന്നുണ്ടതന്നാം
കാമം വേളിയ്ക്കു കെട്ടിയ്യൊരു ചരടുകൾതൻ
ജാമ്യഭാവത്തെയേന്തി
ശ്രീമന്മാധുര്യരാഗാകരതവിരവിലി
ട്ടെററഴും ത്രിസ്വരത്തിൻ–
ഗ്രാമത്തെത്തമ്മിൽ വേർ നിർത്തിടുമൊരതിരു
പോലായതേററം ലസിപ്പൂ.

മൂലം (29)

മൃണാളീമൃദ്വീനാം തവഭുജലതാനാം ചതസൃണാം
ചതുർഭിസ്സൗന്ദര്യം സരസിജഭവസ്തൗതിവദനൈഃ
നഖേഭ്യസ്സംത്രസ്യൻ പ്രഥമമഥനാദന്ധകരിപോ–
ശ്ചതുർണ്ണാം ശീർഷാണാം സമമഭയഹസ്താർപ്പണധിയാ

"മുന്നം പ്രാപിച്ച നാശം കരുതിഹരനഖോ
ത്ഭീതനായ് നാലു വക്ത്രം
പിന്നെശ്ശേഷിച്ചതിന്നായലമഭയമൊരേ
വേളയിൽത്തന്നെ വാങ്ങാം"
എന്നോർത്തിട്ടുമൃണാളീമൃദുലതയെഴുമീ
നിൻകരത്തിൻ ചതുഷ്കം
തന്നാലാസ്യത്തിനാലും നതിവിധിസമമായ്
ചെയ്‌വുനാളീകവാസൻ.

മൂലം

(30)

നഖാനാമുദ്യോതൈർ നവനളിനരാഗം വിഹസതാം
കരാണാം തേ കാന്തിം, കഥയ കഥയാമഃ കഥമുമേ!
കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത! കമലം
യദി ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസഛണം

ഇന്നെമ്മട്ടാണു വാഴ്ത്തേണ്ടതു? നഖരുചികൊ
ണ്ടന്നവാബ്ജാരുണശ്രീ-
തന്നെപ്പുച്ഛിച്ചിടുംത്വൽക്കരതലരുചിയെ
ച്ചണ്ഡികേ! ചൊല്ലിയാലും
തന്നിൽക്രീഡിച്ചിടും ശ്രീയുടയചരണലാ
ക്ഷാരസംവേണ്ടുവോളം-
ചേർന്നാൽ മാത്രം സരോജം തവകരമൊട്ടതെ
ല്ലൊത്തുനില്ക്കും വിചിത്രം!

മൂലം

(31)

സമം ദേവി! സ്കന്ദദ്വിപവദനപീതം സ്തനയുഗം
തവേദം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം
യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനക-
സ്സ്വകുംഭൗ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി

എപ്പോഴും പ്രസ്നുതാസ്യത്തൊട്ടുഗുഹനുമിഭാ
സ്യനു മൊപ്പം കുടിപ്പാ-
നായ്പ്പാലേകുന്നൊരീനിൻകുചയുഗളമിവ
ർക്കൊന്നുരക്കാററിടട്ടെ
അപ്പോഴന്താനായതീക്ഷിച്ചിഭമുഖനതിശ
ങ്കാകുലൻ തന്റെ കുംഭം-
തപ്പിത്തുമ്പിക്കരത്താലരികിലിയലുവോ
ർക്കേതടവിപ്പിപ്പുഹാസം.

മൂലം (32)

അമൂതേ വക്ഷോജാവമൃതരസമാണിക്യകുതുപൗ
ന സന്ദേഹസ്പന്ദോ നഗപതിപതാകേ! മനസിനഃ
പിബന്തൗ തൗയസ്മാദവിദിതവധൂസംഗരസികൗ
കുമാരാവദ്യാപി ദ്വിരദവദനക്രൗഞ്ചദലനൗ

ക്ഷോണീഭൃൽപ്പൊൻപതാകെ! സ്തനയുഗമിതുതേ
നൽസുധാപൂർണ്ണമാകും
മാണിക്യത്തോൽക്കുടംതാനതിന്നേദിനമു
ക്കില്ലസന്ദേഹലേശം
പ്രീണിച്ചുണ്ടായതിന്നുംദ്വിരദവദനനും
സ്കന്ദനുംപോതരായ് താൻ
വാണീടുന്നൂവധൂസംഗമസുഖമൊരുകാ
ലത്തുമേലാതെ തന്നെ.

മൂലം (33)

വഹത്യംബ! സ്തംബേരമദനുജകുംഭപ്രകൃതിഭി-
സ്സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം
കുചാഭോഗോ ബിംബാധരരുചിഭിരന്തശ്ശബളിതാം
പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീർത്തിമിവതേ

കണ്ടീടുന്നുണ്ടുമാറിൽത്തവഗജദിതിജൻ
തന്റെ കുംഭത്തടത്തെ-
ക്കണ്ടിച്ചിട്ടായതീന്നേന്തിയ നറുമണിയാൽ
ത്തീർത്തമാലാകലാപം
ചുണ്ടിൻശോണാഭമൂലം ശബളിമയിടയിൽ
ത്തഞ്ചുവോന്നായതീശൻ-
പൂണ്ടീടും വൻപ്രതാപപ്പൊലിമപരമെഴും
കീർത്തിതൻചാർത്തുപോലെ.

(32)

മൂലം

(34)

തവ സ്തന്യം മന്യേ ധരണിധരകന്യേ! ഹൃദയതഃ
പയഃ പാരാവാരഃ പരിവഹതി സാരസ്വതമിവ
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്
കവീനാം പ്രൗഢാനാമജനി കമനീയഃ കവയിതാ

പാരിൻനാഥേ! മുലപ്പാലയി തവ ഹൃദയ
ത്തിങ്കൽനിന്നേറെയുരു-
ന്നോര സ്സാരസ്വതപ്പാൽക്കടലൊഴുകിവരു
ന്നെന്നു ഞാനോർത്തിടുന്നേൻ
കാരുണ്യം ചേർന്നു നീയേകിയൊരതു പരമാ
സ്വാദനം ചെയ്കയാലേ
പാരം സൽക്കാവ്യകൃത്തായ് ദ്രവിഡശിശു കവി
പ്രൗഢ സൽക്കീർത്തിനേടി.

മൂലം

(35)

ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ
ഗഭീരേ തേ നാഭീസരസി കൃതസംഗോ മനസിജഃ
സമുത്തസ്ഥൗ തസ്മാദചലതനയേ! ധൂമലതികാ
ജനസ്താം ജാനീതേ ജനനി! തവ രോമാവലിരിതി

അപ്പൂവമ്പൻ ഹരാമർഷകദഹനമഹാ
ജ്വാലയാൽപ്പൊള്ളലേററി-
ട്ടപ്പോ! നിൻ ചാരുനാഭീസരസികയമതിൽ
ച്ചാടിനാനാടലോടെ
അപ്പോഴസ്സിങ്കൽ നിന്നപ്പൊഴുതു പുക പുറ
പ്പെട്ടു മേല്പോട്ടു നല്ലം
ചൊൽപ്പേറും നിന്റെ രോമാവലിയിതിയതിനെ
ത്തേറിടുന്നു ജനങ്ങൾ

മൂലം

(36)

യദേതൽക്കാളിന്ദീതനുതരതരംഗാകൃതിശിവേ!
കൃശേമദ്ധ്യേകിഞ്ചിൽ ജനനി! തവയൽഭാതിസുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമപ്രവിശദിവനാഭിം കുഹരിണീം

യാതൊന്നല്പം കളിന്ദാത്മജയുടെ തനുക
ല്ലോലതുല്യാഭയാർന്നി-
ട്ടേതന്മദ്ധ്യേകൃശേതേ വിലസിടുവതുവീ
ക്ഷിച്ചു വിദ്വജ്ജനങ്ങൾ
മാതേ! വക്ഷോജകുംഭാന്തരഗതഗഗനം
നേർത്തു തന്മർദ്ദനത്താൽ
സ്ഥിതശ്രീചേർന്നനാഭീബിലമതിലണയു
ന്നെന്നു ചിന്തിച്ചിടുന്നു.

മൂലം

(37)

സ്ഥിരോ ഗംഗാവർത്തസ്തനമുകുളരോമാവലിലതാ
കലാവാലംകുണ്ഡം കുസുമശരതേജോഹുതഭുജഃ
രതേർല്ലീലാഗാരം കിമപി തവനാഭിർഗ്ഗിരിസുതേ!
ബിലദ്വാരം സിദ്ധേർഗ്ഗിരിശനയനാനാം വിജയതേ

ആരമ്യശ്രീരതിക്രീഡനനിലയമതാ
യീ,ശദ്ദക്സിദ്ധിഗർത്ത-
ദ്വാരം താനായി, വാനോർ നദിയതിൽ വിലസീ
ടും സ്ഥിരാവർത്തമായി.
ഗൗരി! ത്വന്നാഭിവെൽവൂ സ്തനമുകുളകരോ
മാവലീവല്ലികയ്ക്കാ-
വാരം താനായുമംബ! സ്മരന്റെ പുരുതേ
ജോഗ്നി തൻകുണ്ഡമായും.

മൂലം (38)

നിസർഗ്ഗക്ഷീണസ്സ്യസ്തനതടഭരേണക്ലമജുഷോ
നമന്മൂർത്തേർന്നാരീതിലക! ശനകൈസ്ത്രുട്യത ഇവ
ചിരന്തേമദ്ധ്യസ്യത്രുടിതതടിനീതീരതരുണാ
സമാവസ്ഥാസ്ഥേമ്നോഭവതു കുശലം ശൈലതനയേ!

സന്നതം ഭൂരി ചേർന്നം കുചഭരമതിനാൽ,
ജന്മനാകാർശ്യമാർന്നും,
മന്നോട്ടല്പം കുനിഞ്ഞും തവ കടിലത പൊ
ട്ടീടുവാൻ വട്ടമിട്ടും
ഇന്നാന്നീടുന്നു തായേ! തടിനിയുടെതടേ
വീഴുവാൻ തക്കവണ്ണം
നിന്നീടും വൃക്ഷതുല്യസ്ഥിരതയെഴുമതിൻ
നന്മനേരുന്നു ഞങ്ങൾ.

മൂലം (39)

കുചൗസദ്യസ്സ്വിദ്യത്തടഘടിതകൂർപ്പാസഭിദുരൗ
കഷന്തൗദോർമ്മൂലേ കനകകലശാഭൗകലയതാ
തവത്രാതും ഭംഗാദലമിതിവലഗ്നം തനുഭുവാ
ത്രിധാനദ്ധം ദേവി! ത്രിവലിലവലീവല്ലിഭിരിവ

കക്ഷത്തിൽക്കേറിയും പൊൻകലശമൊടുരണം
ചെയ്തുമസ്വേദതോയ-
വ്യാക്ഷേപം പൂണ്ട ചോളം വടിവിനൊടുപിള
ന്നും സ്തനദ്വന്ദ്വമേവം
സൃഷ്ടിച്ചോരംഗജൻതാൻ തവകടിതടിയെ
പ്പോരുമെന്നോർത്തുഭംഗാൽ
രക്ഷിപ്പാൻ മൂന്നുചുററായ് ത്രിവലി ലവലികാ
വല്ലിയാൽക്കെട്ടിയിട്ടോ?

മൂലം

(40)

ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവ്വതി! നിജാ
ന്നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ
അതസ്തേ വിസ്തീർണ്ണോ ഗുരുരയമശേഷാം വസുമതീം
നിതംബപ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച

ഗോത്രേശൻ സ്ത്രീധനാർത്ഥം തവ ഗിരിമകളേ!
തൻ നിതംബത്തിൽനിന്നും
വിസ്താരത്തെഗ്ഗുരുത്വത്തൊടുമുടനെയട
ർത്തൊപ്പമർപ്പിച്ചു നിന്നിൽ
മുത്തോടും തന്നിദാനാൽ തവ ജഘനഭരം
ഭൂരിവിസ്താരമേന്തി-
പ്പാർത്തട്ടെല്ലാം മറപ്പൂ; ഗുരുതയൊടു ലഘു
ത്വത്തെയും ചേർത്തിടുന്നു.

മൂലം

(41)

കരീന്ദ്രാണാം ശുണ്ഡാൻ കനകകദളീകാണ്ഡപടലീ-
മുഭാഭ്യാമൂരുഭ്യാമുഭയമപി നിർജ്ജിത്യ ഭവതീ
സുവൃത്താഭ്യാം പത്യുഃ പ്രണതികഠിനാഭ്യാം ഗിരിസുതേ!
വിധിജ്ഞേ! ജാനുഭ്യാം വിബുധകരികുംഭദ്വയമപി

ഹസ്തിത്തുമ്പിയ്ക്കുമമ്പോ! കനക കദളിവാ
ഴത്തടങ്ങൾക്കും വിധിജ്ഞേ!
നേത്തിട്ടുത്തോൽവിയേററം തവ തുടയിണ ചേ
ർക്കുന്നു; ജാനുക്കളപ്പിന്നെ
വൃത്താകാരത്തൊടൊത്തും പതിയുടെ നതിയാ
ലൊട്ടു കാഠിന്യമാർന്നും
വൃത്താരാതിയ്ക്കെഴും കുഞ്ജരവരനുടെ കും
ഭങ്ങളേയും ജയിപ്പൂ.

മൂലം (42)

പരാജേതും രുദ്രം ദ്വിഗുണശരഗർഭൗ ഗിരിസുതേ!
നിഷംഗൗ ജംഘേ തേ വിഷമവിശിഖോ ബാഢമകൃത
യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗളീ-
നഖാഗ്രച്ഛദ്മാനസ്സുരമകുടശാണൈകനിശിതാഃ

പൊൽത്താരമ്പൻ ഭവാനി! ദ്വിഗുണശരപരീ-
പൂർണ്ണമാം രണ്ടു തൂണീ-
രത്തെത്തജ്ജംഘയാക്കിപ്പുരഹരവിജയ-
ത്തിന്നു സംസൃഷ്ടിചെയ്തു;
പത്തമ്പൂതെ തദഗ്രസ്ഥലിയതിലമരാ-
ധീശകോടീരശാണാ-
ഗ്രത്തിൽത്തേച്ചിട്ടശാതം തകിനപദനഖാ-
ഗ്രച്ഛലാൽക്കണ്ടിടുന്നു.

മൂലം (43)

ശ്രുതീനാം മൂർദ്ധാനോ ദധതി തവ യൗ ശേഖരതയാ
മമാപ്യേതൗ മാതശ്ശിരസി ദയയാ ധേഹി ചരണൗ
യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ
യയോർല്ലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ

വേദത്തിൻശീർഷമാകും പെരിയൊരുപനിഷ-
ത്തുകളെത്താംസമാക്കും
പാദം തേ രണ്ടുമമ്മേ! ദയയൊടു മമ മൂർ-
ദ്ധാവിലുംവെച്ചിടേണം
പാദ്യാംഭസ്സായതിന്നുത്രിപുരഹരജടാ-
ജൂടഗംഗാപ്രവാഹം
ഹൃദ്യംലാക്ഷാരസം ശ്രീഹരിമകുടലസ-
ദ്രത്നശോണാഭ തന്നെ.

മൂലം

(44)

നമോവാകം ബ്രൂമോ നയനരമണീയായ പദയോ
സ്തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ
അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ
പശൂനാമീശാനഃ പ്രമദവനകങ്കേളിതരവേ

ധാരാളം യാവകം പൂണ്ടതികുതുകഭരം
 ലോചനങ്ങൾക്കു ചേർക്കു-
ന്നോരിപ്പാദദ്വയത്തിന്നയിജനനി! നമോ
 വാകമോതുന്നിതാ ഞാൻ
സ്മാരശ്രീചേർന്നോരിച്ചേവടിയുടെ യടികൊ
 ണ്ടീടുവാൻ കാംക്ഷയോടും
നേരിൽപ്പൂവാടിയിൽത്തഞ്ചിടുമശകകളിൽ
 ശ്ശർവ്വനേല്പന്നസൂയാ.

മൂലം

(45)

മൃഷാകൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം
ലലാടേ ഭർത്താരം ചരണകമലേ താഡയതി തേ
ചിരാദന്തശ്ശല്യം ദഹനകൃതമുന്മൂലിതവതാ
തുലാകോടിക്വാണൈഃ കിലികിലിതമീശാനരിപുണാ

തെറ്റാണിട്ടന്യതൻപേർ പറയുമളവുകോ
 പിച്ചു നിൻപത്തിലായി-
ട്ടേറ്റം ലജ്ജിച്ചു വീണീടിനഥ പതിയുടെ
 നെറ്റിത്തടേ നീതൊഴിക്കെ
ത്തെറ്റെന്നൊട്ടേറെനാളായ് ഹൃദയമതിൽവഹി
 ച്ചീടുമദ്ദാഹശല്യം
മാറ്റാൻമഞ്ജീരനാദാൽ "കിലുകിലി"തമിയ
 റ്റീടിനാനംബുജാസ്ത്രൻ.

(46)

മൂലം

ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൗ
നിശായാം നിദ്രാണം നിശിചരമഭാഗേച വിശദൗ
വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തൗസമയിനാം
സരോജം ത്വൽപ്പാദൗജനനി! ജയതശ്ചിത്രമിഹകിം

പാദാംഭോജാതയുഗ്മം തവ, സമയികളിൽ
    ശ്രീയണച്ചും നിശാന്തേ
ദ്യോതിച്ചും ശീതളോർവ്വീധരതലചരണം
    കൊണ്ടുമീശാനകാന്തേ!
ശ്രീദേവീവാസമാന്നും നിശയിലുരുതരം
    നിദ്രയെക്കൈവരിച്ചും
ശീതത്താൽ നാശമാന്നും മരുവിനകമലം
    വെൽവതിൽച്ചിത്രമെന്തേ?

(47)

മൂലം

പദം തേകീർത്തീനാം പ്രപദമപദം ദേവിവിപദാം
കഥം നീതം സത്ഭിഃ കഠിനകമഠീകർപ്പരതുലാം
കഥം വാബാഹുഭ്യാമുപയമനകാലേപുരഭിദാ
യദാദായന്യസ്തം ദൃഷദിദയമാനേനമനസാ

കീർത്തീസ്ഥാവാസമായി പ്രണതജനവിപ
    ത്താററിടും ത്വൽപ്പദാഗ്രേ
സത്തന്മാരെപ്രകാരം കഠിനകമഠികാ
    കർപ്പരൗപമ്യമേകി?
ഗോത്രാട്ടൽപുത്രി! പാണിഗ്രഹസമയമനം
    ഗാന്തകൻ കൈകളാലി-
പ്പതെമ്മട്ടാണെടുത്തക്കഠിനശിലയിൽവെ
    ച്ചിച്ചുകാരുണ്യഭാവൻ?

മൂലം

(48)

നഖൈർന്നാകസ്ത്രീണാംകരകമലസങ്കോചശശിഭി–
സ്തരൂണാം ദിവ്യാനാം ഹസത ഇവതേ ചണ്ഡിചരണൗ
ഫലാനി സ്വസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം
ദരിദ്രേഭ്യോഭദ്രാം ശ്രിയമനിശമഹ്നായ ദദതൗ

ഉത്തുംഗശ്രീദരിദ്രർക്കനിശമരുളിടും
തല്പദം നാകനാരീ-
ഹസ്താംഭോജാതജാതാമൃതകിരണനഖാ
ഗ്രങ്ങളാൽ ഭംഗമെന്ന്യേ
സ്വഃസ്ഥന്മാരെങ്കിൽമാത്രം ചലകിസലയഹ
സ്തങ്ങളാലിഷ്ടമേകാൻ–
സതതം ചേരുന്ന ദിവ്യദ്രുമതതിയെ ഹസി
ക്കുന്നവോയെന്നു തോന്നും

മൂലം

(49)

ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീ–
മമന്ദം സൗന്ദര്യപ്രകരമകരന്ദം വികിരതി
തവാസ്മിൻ മന്ദാരസ്തബകസുഭഗേയാതു ചരണേ!
നിമജ്ജൻ മജ്ജീവഃ കരണചരണൈഃ ഷട്ചരണതാം

നന്ദ്യാദീനർക്കഭീഷ്ടപ്പടിസുഖമനിശം
നൽകുവാൻ ശക്തമായി—
സൗന്ദര്യപ്രാതമാദ്ധ്വീരസവിതരണചാ
തുര്യമാർന്നുള്ളതാകം
മന്ദാരപ്പൂങ്കുലയ്ക്കൊത്തൊരു രുചിരപദേ
തേ നിമജ്ജിച്ചു ജീവൻ
ചേർന്നിടട്ടെ മമാന്തഃകരണചരണസം
യുക്തനായ് ഷൾപ്പദത്വം.

(48)

...ങ്ങളിട്ടും
...നാകനാരീ-
...ൽ ഭംഗമെന്യേ
...ലിപ്തമേകാൻ-
...ന്ന ദിവ്യദ്രുമത്തിയെ
...വായെന്നു തോന്നും

(49)

...ന്‍ ശക്തമായി—

മൂലം (50)

പദന്യാസക്രീഡാപരിചയമിവാരബ്ധുമനസഃ
സ്ഖലന്തസ്തേ ഖേലം ഭവനകളഹംസാഃ ന ജഹതി
അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത
ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ!

അമ്പോ! തൻകാല്വെപ്പിൽ പിശകപിണയുമ
ഗ്ഗേഹ ഹംസങ്ങൾ പിമ്പേ
നിമ്പാദന്യാസലീലാപരിചയമതിനായ്
സഞ്ചരിപ്പൂ വിടാതെ
അമ്പാർന്ന മഞ്ജുമഞ്ജീരകവര രണിത
വ്യാജഭാവാലവയ്ക്കെൻ
ശംഭുപ്രാണപ്രിയേ! തേപദയുഗമുപദേ
ശങ്ങളേകുന്നു നൂനം

മൂലം (51)

ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ
ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ
ത്വദീയാനാം ഭാസാപ്രതിഫലിതരാഗാരുണതയാ
ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം

ഏശുന്നൂ മഞ്ചഭാവം ഹരിയുമജനുമാ
രുദ്രനും ഭൃത്യരായി-
ട്ടീശൻ താനും, സ്വഭാസ്സാൽ ശിവനതികപട
പ്രച്ഛദാച്ഛാദമായി
ത്വച്ഛക്ത്യാദിത്യവന്ദ്യേ! നയനമുദമിയ
റ്റുന്നു; നിൻ തേജസാന-
ല്ലാശാസ്യാരുണ്യമേന്തിത്തനുവൊട്ട വിലസീ
ടുന്ന ശൃംഗാരതുല്യം.

മൂലം

(52)

അരാളാഃകേശേഷു പ്രകൃതിസരളാമന്ദഹസിതേ
ശിരീഷാഭാചിത്തേദൃഷദുപലശോഭാ കുചതടേ
ഭൃശം തന്വീമദ്ധ്യേ പൃഥുരുരസിജാ രോഹവിഷയേ
ജഗത്ത്രാതും ശംഭോർജ്ജയതികരുണാ കാചിദരുണാഃ

സാരള്യം മന്ദഹാസേ, കുടിലത ചികുരേ,
മാനസത്തിങ്കൽ വാക-
ത്താരിൻ സാദൃശ്യ, മശ്മോപലസുഭഗത വ
ക്ഷോരുഹ ദ്വന്ദ്വദേശേ,
പാരം ശോഷിപ്പുമദ്ധ്യേ, കുചയുഗളനിതം
ബങ്ങളിൽപ്പീനഭാവം,
ചേരും മട്ടേവമീശൻ "കരുണ"യരുണയൊ
ന്നിജ്ജഗത്തിൽജ്ജയിപ്പൂ.

മൂലം

(53)

കളങ്കഃകസ്തൂരീരജനികരബിംബം ജലമയം
കലാഭിഃകർപ്പൂരൈർമ്മരതക കരണ്ഡം നിബിഡിതം
അതസ്ത്വൽ ഭോഗേന പ്രതിദിനമിദംരിക്തകുഹരം
വിധിർഭൂയോഭൂയോ നിബിഡയതിനൂനം തവകൃതേ

അങ്കക്കസ്തൂരിപിന്നെശകലജലദസാ
രംപനീരും ഭരിയ്ക്കും
തിങ്കൾ ശ്രീബിംബമമ്മേ! മരതകരചിത
ച്ചെപ്പുതാനെന്ന മൂലം
നികാരുണ്യാശ്രിതൻപത്മജനയിതവഭോ
ഗത്തിനാൽ ശൂന്യഭാവം-
തങ്കുന്നോരക്കരണ്ഡംദിനമനുഭവതി
ക്കായ് നിറയ്ക്കുന്നു നൂനം.

(52)

(53)

(54)

പുരാരാതേരന്തഃ പുരമസി തതസ്ത്വച്ചരണയോ—
സ്സപര്യാമര്യാദാ തരളകരണാനാമസുലഭാ
തഥാ ഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം
തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ

നിമ്പാദ ഭദ്രപൂജാവിധിയതിനരിക
　　ത്തെത്തുവാൻ കമ്പിതാശ-
ക്കെമ്പാടും സാദ്ധ്യമാമോ? ഭവതിപുരഹരൻ
　　തന്റെയന്തഃപുരം താൻ
അമ്പോ! തന്മൂലമിന്ദ്രാദ്യമരപതികൾ നിൻ
　　ദ്വാരസീമാവിലെത്തീ-
ട്ടേമ്പാളേയ്ക്കും തടക്കന്നവരെയണിമതൊ
　　ട്ടുള്ള ദ്വാരാന്തസിദ്ധ്യാ.

മൂലം

(55)

കളത്രം വൈധാത്രം കതികതി ഭജന്തേ ന കവയഃ
ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ
മഹാദേവം ഹിത്വാ തവ സതി! സതീനാമചരമേ!
കുചാഭ്യാമാസംഗഃ കുരവകതരോരപ്യസുലഭഃ

ബ്രഹ്മാവിൻപത്നിതന്നെച്ചിലകവികൾ ഭജി
　　ച്ചിട്ടു ചേർപ്പൂവശത്തിൽ-
പ്പത്മയ്ക്കും നാഥനാവാം ധനലവമെവനും
　　കയ്യിലുണ്ടെന്നു വന്നാൽ
നിന്മേനിയ്ക്കാദശേഷർക്കും കുചയുഗപരിരം
　　ഭം മഹാദേവനല്ലാ-
തെമ്മട്ടന്യർക്കു കിട്ടും? കുരവകതരുവി
　　ന്നും ലഭിയ്ക്കുന്നതല്ല.

മൂലം

(56)

ഗിരാമാഹുർദ്ദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേ: പത്നീം പത്മാം ഹരസഹചരീമദ്രിതനയാം
തുരീയാകാപിത്വം ദുരധിഗമനിസ്സീമ മഹിമാ
മഹാമായാവിശ്വം ഭ്രമയതി പരബ്രഹ്മമഹിഷി

ഓതുന്നുണ്ടാഗമജ്ഞപ്രവര,രജപരി
ഗ്രസ്തയാംവാണി, പിന്നെ
ബ്ഭൂതേശൻ പത്നിയാം പാർവ്വതി, ഹരിദയിതാ
ദേവി പത്മാലയാഖ്യാ,
നീ താനെന്നായി, നാലാമതു ഭവതി മഹാ
മായയായ് വിശ്വമെല്ലാം
വീതായാസം പരബ്രഹ്മകമഹിഷി! പരം
വിഭ്രമിപ്പിച്ചിടുന്നു.

മൂലം

(57)

കദാ കാലേ മാത: കഥയ കലിതാലക്തകരസം
പിബേയം വിദ്യാർത്ഥീ തവ ചരണ നിർണ്ണേജനജലം
പ്രകൃത്യാമൂകാനാമപി ച കവിതാ കാരണതയാ
കദാധത്തേ വാണീമുഖകമലതാംബൂലരസതാം

എന്നാണാവോ തവാലക്തകരസമിയലും
പാദതീർത്ഥം കുടിപ്പാൻ
വന്നെത്തീടുന്നു യോഗം? മമ, പറകമടി
ക്കാതെ; വിദ്യാർത്ഥിയാം ഞാൻ;
എന്നാളും മൂകനായുള്ളവന്മതി കവി
താപ്രദാനാലതാ,മ്മേ!
എന്നേകും വാണിമാതിൻ മുഖസരസിജതാം
ബൂലവീടീരസത്വം?

(56)

... പത്നിയാൾ പാർവ്വതി, ...

... വിശ്വമെല്ലാം ...

(57)

(58)

മൂലം

സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ
രതേ: പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ
ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികര:
പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ

വീതാഘാതം ഭജിപ്പാൻ തവപദമജനും
വൈരിയായ് ക്കേശവന്നും
ജാതാനന്ദേന വാണീരമകളൊടു രമി
യ്ക്കുന്നിതേ; ചാരുമൂർത്ത്യാ
പാതിവ്രത്യപ്രണാശം രതിയിലുമരുളി
ഗ്ഘോരസംസാരദുഃഖാൽ
ഭീതേടാതേറെനാൾ വാണൊടുവിലമിതമാം
ചിദ്രസം നേടിടുന്നു.

(59)

മൂലം

പ്രദീപജ്വാലാഭിർദ്ദിവസകരനീരാജനവിധി
സ്സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ
സ്വകീയൈരംഭോഭിസ്സലിലനിധിസൗഹിത്യകരണം
ത്വദീയാഭിർവ്വാഗ്ഭിർജ്ജനനി! തവ വാചാം സ്തുതിരിയം

ഇസ്തോത്രം തേ ശിവേ! തേ വചനചയപരീ
ക്ലിപ്തമാദിത്യനായി-
ക്കത്തും ദീപങ്ങളാലേകിടുമൊരു വരനീ
രാജനം തന്നെയായും
രാത്രീശാശ്മാംബുലേശാൽ ഹിമകരനരുളു
ന്നർഘ്യമായും സമുദ്ര-
പ്രീത്യർത്ഥം തജ്ജലത്താലരുളുമൊരു മഹാ
പൂജയായും ഭവിപ്പൂ.

ശ്രീസംഗമേശഷ്ടകം

(1) സക്ഷീരാംഭോദമാലാമദശമനപടു
പ്രോജ്ജ്വലൽക്കേശപാശം
നക്ഷത്രേശാർദ്ധകോദ്യന്നിടിലതട ലസ-
ച്ചൂർണ്ണകേശാഭിരാമം
അക്ഷിദ്വന്ദ്വപ്രഭാ നിർജ്ജിതസിതകമലാ-
ന്തർദ്ദളം കോമളാംഗം
സാക്ഷാൽ ശ്രീ "സംഗമേശം" ശ്രിതജനദിവിഷൽ
പാദപം ഭാവയേഹം.

(2) ശ്രീപുത്രാസ്യാസതുല്യഭ്രൂവമമല ശര-
ച്ചന്ദ്രികാ മന്ദഹാസം
താപാബ്ധി സ്നാനസംസാദിത മനുജഗണ-
ത്രാണ ദക്ഷാക്ഷികോണം
ആപാതിസ്ഫാരശോഭാ പരികലിതമണീ-
കുണ്ഡലോദ്ദീപ്രഗണ്ഡം
ഭൂപത്മാപ്രാണനാഥം ശിവവിനതപദം
സംഗമേശം ഭജേഹം.

(3) ദന്തശ്രീപുഞ്ജ സന്തർജ്ജിത ശിഖരചയം
മഞ്ജുതൂണീരനാസം
ബന്ധൂകോഷ്ഠാധരം ഭാസുരമുഖ നിഗള-
ഭേദമാകർണ്ണയന്തം
കാന്തം വന്യസ്രജാലംകൃതഗളതലമാ-
ദർശ്ശഗണ്ഡസ്ഥലാന്തം
ശാന്തം സംസാരരോഗപ്രശമനഭിഷജം
സംഗമേശം ഭജേഹം

(4) ഹൃദ്യഗ്രൈവേയ മുഖ്യാഭരണസമുദയോ-
ല്ലാസിവക്ഷഃപ്രദേശം
വിദ്യുച്ഛ്രീഹാരി നാനാ മണിഗണവിലസൽ
കൗസ്തുഭം നിസ്തുലാഭം
ആദ്യം ചക്രം ഗദാം കംബുകമപി വിമലാ
ക്ഷസ്രജം സം വഹന്തം
വേദ്യംനിത്യം ത്രയീഭിഃ സുരവരവിനുതം
സംഗമേശം ഭജേഹം.

(5) ബ്രഹ്മാണ്ഡാഖണ്ഡരക്ഷാ കരണപടുപിച-
ഭണ്ഡനഭാന്തം നിതാന്തം
പത്മാസംവാഹിതോരുദ്വയമതുലമനോ
ഹാരിപീതാംബരാഢ്യം
ബ്രഹ്മേശേന്ദ്രാഗ്നി സൂര്യാത്മജനിരൃതിജലാ
ധീശവായ്വർത്ഥപാദ്യൈ-
സ്സമ്മാന്യൈര്യ്യോഗിവര്യ്യൈരപി നമിതപദം
സംഗമേശം ഭജേഹം.

(6) സ്ഫായന്മാണിക്യ രത്നാകലിതമകുടകം
ജാതരൂപാഭിരമ്യം
കേയൂരം ചാരുഗാരുത്മത മണിരചിതാ
മാദധാനം ച കാഞ്ചീം
ഭൂയോ ഭൂയോ ജനാനാം ചരണകമലസം-
പാതിനാം ക്ഷേമദം തം
ധ്യായേച്ഛ്രീസംഗമേശം സകലകലകലാ
ലാലസം പാലനായ.

PRINTED AT
THE PROGRESS PRINTING WORKS
PERAMBAVOOR.

Scanned with OKEN Scanner